# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആര്യനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം.ജി.പി /1152/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 09/09/2021
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആര്യനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആര്യനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആര്യനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം.ജി.പി /1152/2021 തീയ്യതി: 09/09/2021

## തിരുവനന്തപുരം ജില്ലയിലെ ആര്യനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ആര്യനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ | 20-07-2021 | 30-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-07-2021 | 30-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ശ്രീദേവി.പി,ഓഡിറ്റ് ഓഫീസർ
ശ്രീമതി.വിശ്വലത.വി.എൽ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ജയലക്ഷ്മി.ബി.കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.സീന.കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അൻവർ രാജ്.എം,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.രഞ്ജിത്ത്.ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഷാമില ബീഗം.എസ് | പ്രസിഡന്റ് | 01-04-2020 | 29-12-2020 |
| ശ്രീമതി.വി.വിജു മോഹൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.സുധീരൻ.എം.എസ് | സെക്രട്ടറി | 01-04-2020 | 12-10-2020 |
| ശ്രീമതി.മേബിൾ ഷീല.ജി | സെക്രട്ടറി | 13-10-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ലിമ.പി.എസ് | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി.രാമസൂധ | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ.രാജീവ്.സി | ഡയറി ഫാം ഇൻസ്ട്രക്റ്റർ | 01-04-2020 | 01-03-2021 |
| ശ്രീമതി.ശിവാംബിക.എസ്.വി | ഡയറി ഫാം ഇൻസ്ട്രക്റ്റർ | 02-03-2021 | 31-03-2021 |
| ശ്രീമതി.സോഫിയ.എൽ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി.ജയ ഡേവിഡ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 31-03-2021 |
| ???????.???.??.??? | ?.??.??.??? ?????????????? | 01-04-2020 | 31-03-2021 |
| ശ്രീ.ബിനു ഡാർവിൻ.പി | വി.ഇ.ഒ | 01-04-2020 | 29-09-2020 |
| ശ്രീ.മഹേഷ് | വി.ഇ.ഒ | 30-09-2020 | 21-02-2021 |
| ശ്രീ.പ്രദീപ്.ജെ | വി.ഇ.ഒ | 22-02-2021 | 31-03-2021 |
| ശ്രീമതി.സൗമ്യ | എൽ.വി.ഇ.ഒ | 01-04-2020 | 07-01-2021 |
| ശ്രീമതി.സജിത | എൽ.വി.ഇ.ഒ | 08-01-2021 | 31-03-2021 |
| ശ്രീമതി.ചന്ദ്രലേഖ.സി.എസ് | കൃഷി ഓഫീസർ | 01-04-2020 | 30-09-2020 |
| ശ്രീ.വി.എസ്.ദിലീപ് കുമാർ | കൃഷി ഓഫീസർ | 01-10-2020 | 31-03-2021 |
| ശ്രീ.ശ്രീലത.ബി | ഹെഡ് മിസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി.രാധിക | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ശ്രീമതി.ലേഖ വി.എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Zeena K (Senior Grade Auditor, On 01-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 31-08-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Jayalekshmi BK (Senior Grade Auditor, On 03-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 18-09-2021) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം<br>Written By: Jayalekshmi BK (Senior Grade Auditor, On 05-08-2021)<br>Last Updated By: K Sreeja (Deputy Director, On 28-09-2021) | 1-3 |
| 4 | പദ്ധതി അവലോകനം<br>Written By: Jayalekshmi BK (Senior Grade Auditor, On 03-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 01-09-2021) | 1-4 |
| 5 | പണം നീക്കിയിരിപ്പ് പരിശോധന<br>Written By: Anwar Raj.M (Senior Grade Auditor, On 30-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 31-08-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Jayalekshmi BK (Senior Grade Auditor, On 03-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 31-08-2021) | 1-6 |
| 7 | എൻ.ആർ.ഇ.ജി.എസ്- സാധനസാമഗ്രികൾ വാങ്ങാൻ ടെണ്ടർക്ഷണിക്കേണ്ടതാണ്<br>Written By: Jayalekshmi BK (Senior Grade Auditor, On 03-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 31-08-2021) | 1-6-1 |
| 8 | മാലിന്യ സംസ്കരണം ഫലപ്രദമായി നടപ്പിലാക്കുന്നില്ല.<br>Written By: Viswalatha V.L (Senior Grade Auditor, On 05-08-2021)<br>Last Updated By: K Sreeja (Deputy Director, On 28-09-2021) | 1-7 |
| 9 | ഡി ആന്റ് ഒ ലൈസൻസ് - വരുമാനം കുറയുന്നു.<br>Written By: Viswalatha V.L (Senior Grade Auditor, On 05-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 31-08-2021) | 1-8 |
| 10 | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ<br>Written By: Viswalatha V.L (Senior Grade Auditor, On 04-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 03-09-2021) | 1-9 |
| 11 | എസ്.എൽ.ഐ പ്രീമിയം തുക ഈടാക്കിയതിൽ കുറവ്<br>Written By: Viswalatha V.L (Senior Grade Auditor, On 05-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 31-08-2021) | 1-10 |
| 12 | തൊഴിൽ രഹിത വേതനം- രജിസ്റ്ററിലെ അപാകതകൾ<br>Written By: Viswalatha V.L (Senior Grade Auditor, On 04-08-2021)<br>Last Updated By: Viswalatha V.L (Senior Grade Auditor, On 04-08-2021) | 1-11 |
| 13 | പൊതു ഗ്രന്ഥ ശാലയിലെ മാസവരി രേഖപെടുത്തുന്നതിൽ അപാകത<br>Written By: Viswalatha V.L (Senior Grade Auditor, On 05-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 31-08-2021) | 1-12 |
| 14 | ഹോമിയോ ആശുപത്രിക്കു മരുന്നു വാങ്ങൽ പദ്ധതി.<br>Written By: P. Sreedevi (Audit Officer, On 05-08-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 17-09-2021) | 1-13 |
| 15 | യു.പി വരെയുള്ള കുട്ടികൾക്ക് പ്രഭാത ഭക്ഷണം - നടപടി ക്രമങ്ങളിൽ അപാകത.<br>Written By: Anwar Raj.M (Senior Grade Auditor, On 27-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 31-08-2021) | 1-14 |
| 16 | കാലഹരണ തീയതി കഴിഞ്ഞ മരുന്നുകൾ വിതരണം ചെയ്തു<br>Written By: Anwar Raj.M (Senior Grade Auditor, On 27-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 03-09-2021) | 1-15 |
| 17 | എസ്സ്.സി. വിദ്യാർത്ഥികൾക്ക് ഫർണിച്ചർ<br>Written By: Anwar Raj.M (Senior Grade Auditor, On 29-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 03-09-2021) | 1-16 |
| 18 | കറവപശു പരിപാലനം പദ്ധതി - സുതാര്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.<br>Written By: Anwar Raj.M (Senior Grade Auditor, On 28-07-2021)<br>Last Updated By: P. Sreedevi (Audit Officer, On 03-09-2021) | 1-17 |
| 19 | പാഥേയം- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്<br>Written By: Jayalekshmi BK (Senior Grade Auditor, On 04-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 31-08-2021) | 1-18 |
| 20 | | 1-19 |

| | | |
|---|---|---|
| | വി ഇ ഒ നടപ്പിലാക്കിയ പദ്ധതികൾ- ആവശ്യമായ രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Viswalatha V.L (Senior Grade Auditor, On 05-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 31-08-2021) | |
| 21 | പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർടാങ്ക്- ഗുണഭോക്തൃവിഹിതമിനത്തിലെ തുക സംബന്ധിച്ച് വ്യക്തതയില്ല<br>Written By: Jayalekshmi BK (Senior Grade Auditor, On 04-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 31-08-2021) | 1-20 |
| 22 | കോവിഡ് -19 പ്രതിരോധ / നിർവ്യാപന പ്രവർത്തനങ്ങൾ -അവലോകനം<br>Written By: Zeena K (Senior Grade Auditor, On 02-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 03-09-2021) | 1-21 |
| 23 | ദുരിദാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്.<br>Written By: Zeena K (Senior Grade Auditor, On 02-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 03-09-2021) | 1-22 |
| 24 | പാലിയേറ്റീവ് കെയർ-പദ്ധതി മാർഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.<br>Written By: Zeena K (Senior Grade Auditor, On 02-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 31-08-2021) | 1-23 |
| 25 | ചെലവ് രേഖകൾ പൂർണ്ണമായും ഹാജരാക്കിയിട്ടില്ല.<br>Written By: Jayalekshmi BK (Senior Grade Auditor, On 02-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 31-08-2021) | 1-24 |
| 26 | വയോജനങ്ങൾക്ക് കട്ടിൽ- ജി.എസ്.ടി അടവാക്കിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.<br>Written By: Jayalekshmi BK (Senior Grade Auditor, On 04-08-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 17-09-2021) | 1-25 |
| 27 | പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പേ പ്രോജക്ട് റിവൈസ് ചെയ്തിരിക്കുന്നു.<br>Written By: Zeena K (Senior Grade Auditor, On 03-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 01-09-2021) | 1-26 |
| 28 | കരാർ ചമയ്ക്കുന്നതിൽ കാലതമസത്തിനു പിഴ ഈടാക്കിയില്ല.<br>Written By: Zeena K (Senior Grade Auditor, On 03-08-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 17-09-2021) | 1-27 |
| 29 | സ്പ്പിൽ ഓവർ പദ്ധതികൾ നടപ്പിലാക്കിയില്ല<br>Written By: Zeena K (Senior Grade Auditor, On 03-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 18-09-2021) | 1-28 |
| 30 | തെരുവുവിളക്ക് സ്ഥാപിക്കൽപദ്ധതി - അപാകതകൾ.<br>Written By: P. Sreedevi (Audit Officer, On 04-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 31-08-2021) | 1-29 |
| 31 | സ്ക്കൂൾ കുട്ടികൾക്ക് കരാട്ടെ പരിശീലനം<br>Written By: Anwar Raj.M (Senior Grade Auditor, On 28-07-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 17-09-2021) | 1-30 |
| 32 | പാലൈക്കോണം പട്ടികജാതിക്കോളനിയിൽ പൈപ്പ് ലൈൻ നീട്ടൽ -- അപാകങ്ങൾ.<br>Written By: P. Sreedevi (Audit Officer, On 05-08-2021)<br>Last Updated By: P. Sreedevi (Audit Officer, On 03-09-2021) | 1-31 |
| 33 | എസ്.എസ്.എ.വിഹിതം നൽകൽ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.--600000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: P. Sreedevi (Audit Officer, On 05-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 03-09-2021) | 1-32 |
| 34 | ഐ.കെ.എം. വിഹിതം നൽകൽ. -- വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.<br>Written By: P. Sreedevi (Audit Officer, On 05-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 31-08-2021) | 1-33 |
| 35 | വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത രേഖകൾ പരിശോധനയ്ക്കു ഹാജരാക്കിയിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു.<br>Written By: P. Sreedevi (Audit Officer, On 05-08-2021)<br>Last Updated By: P. Sreedevi (Audit Officer, On 02-09-2021) | 1-34 |
| 36 | വനിതകൾക്ക് യോഗ പരിശീലനം-- പദ്ധതി നടത്തിപ്പിലെ അപാകതകൾ. 49995/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: P. Sreedevi (Audit Officer, On 05-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 31-08-2021) | 1-35 |
| 37 | കെട്ടിട നികുതിയിനത്തിൽ വൻ തുക കുടിശ്ശിക നിലനിൽക്കുന്നു. | 1-36 |

| | | |
|---|---|---|
| | Written By: Viswalatha V.L (Senior Grade Auditor, On 03-09-2021)<br>Last Updated By: Viswalatha V.L (Senior Grade Auditor, On 03-09-2021) | |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | വാറ്റ് ഇനത്തിൽ കുറവ് ചെയ്യേണ്ട തുക കുറവ് ചെയ്യാതെ തുക അനുവദിച്ചതിലൂടെ കൺവീനർക്ക് അധിക ആനുകൂല്യം നല്കി-നഷ്ടം 9348/-രൂപ.<br>Written By: Zeena K (Senior Grade Auditor, On 04-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 18-09-2021) | 3-1 |
| **ഭാഗം 4** | | |
| 1 | സാമ്പത്തികനില<br>Written By: Jayalekshmi BK (Senior Grade Auditor, On 04-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 31-08-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayalekshmi BK (Senior Grade Auditor, On 04-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-09-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jayalekshmi BK (Senior Grade Auditor, On 04-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 31-08-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Jayalekshmi BK (Senior Grade Auditor, On 04-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-09-2021) | 4-4 |
| 5 | വായ്പ വായ് തിരിച്ചടവ്<br>Written By: Jayalekshmi BK (Senior Grade Auditor, On 04-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 31-08-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Jayalekshmi BK (Senior Grade Auditor, On 04-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 31-08-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jayalekshmi BK (Senior Grade Auditor, On 04-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 31-08-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Jayalekshmi BK (Senior Grade Auditor, On 05-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 31-08-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P. Sreedevi (Audit Officer, On 05-08-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 17-09-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jayalekshmi BK (Senior Grade Auditor, On 05-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-09-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് 24.03.20201 ലെ 1-ാം നമ്പർ തീരുമാനമായി അംഗീകരിച്ചു.

മുന്നിരിപ്പുൾപ്പടെ പ്രതീക്ഷിത വരവ് 433689000/-രൂപയും ചെലവ് 433067000/- രൂപയുമാണ്.

### 1-1-1 ബജറ്റ് നിർദ്ദേശങ്ങൾ പാലിച്ചില്ല.

കേരള പഞ്ചായത്ത്‌രാജ് നിയമം, വകുപ്പ് 214 (1) പ്രകാരം ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15-ാം തീയതിക്ക് മുമ്പായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും അതു ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. എന്നാൽ 2020-21 ബജറ്റ് ഫയൽ പരിശോധിച്ചതിൽ വെറ്ററിനറി സർജൻ,മെഡിക്കൽ ഓഫീസർ (ഹോമിയോ), മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) എന്നിവർ മാത്രമാണ് ബജറ്റ് ശുപാർശകൾ നൽകിയിരിക്കുന്നത്.

ബാക്കിയുള്ള നിർവഹണോദ്യോഗസ്ഥരിൽ നിന്നും ബജറ്റ് ശുപാർശകൾ ലഭ്യമാക്കാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 15/2021 നുള്ള മറുപടിയിൽ ചില നിർവഹണോദ്യോഗസ്ഥർ രേഖാമൂലം ശുപാർശ നൽകുകയും മറ്റുള്ളവർ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ വന്ന് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ടെന്ന മറുപടി ഹാജരാക്കിയിട്ടുണ്ട്.

ഭാവിയിൽ അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാർ നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 21.04.2021 | -- | -- |

### 1-2-1 വാർഷികധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം വരവിനേക്കാൾ കൂടുതൽചെലവ് ബുക്ക് ചെയ്തിരിക്കുന്നു. ( വരവ് 243838924/ ചെലവ് 248574987/-)

2. 2020-21 ലെ ഡിപ്രീസിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ B-11 പ്രകാരം ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയതിന്റെ കൃത്യത വ്യക്തമല്ല.

3. Professional Tax Traders-Current രജിസ്റ്റർ പ്രകാരമുള്ള തുക(246810) വാർഷികധനകാര്യ പത്രികയുമായി(244310) പൊരുത്തപ്പെടുന്നില്ല.

4. സ്ഥാപന തൊഴിൽനികുതി വരവ്- രജിസ്റ്ററും(246810), എ.എഫ്.എസുമായി(244310) പൊരുത്തപ്പെടുന്നില്ല.

5. ലഭ്യമാക്കിയ രേഖകൾ പ്രകാരം മാർക്കറ്റ് റസീപ്റ്റ് ഇനത്തിൽ തൻവർഷം- 1174000/- രൂപ വരവുണ്ട്(രസീത് നം. 120090103710/4.3.21). എന്നാൽ വാർഷികധനകാര്യപത്രിക പ്രകാരം ഈ ഇനത്തിലെ വരവ് 987340.

6. രജിസ്റ്റർ പ്രകാരം വാടക ഇനത്തിൽ തൻവർഷം വരവില്ല. എന്നാൽ വാർഷികധനകാര്യപത്രിക പ്രകാരം ഈ ഇനത്തിൽ 347795/- രൂപ വരവുണ്ട്. (Current + Arrear + Advance)

7. എൻ.ആർ.ഇ.ജി.എസ്. വിവിധ വരവ്-ചെലവുകൾ- ക്യാഷ്ബുക്കും,വാർഷികധനകാര്യപത്രികയും പൊരുത്തപ്പെടുന്നില്ല.

| | ക്യാഷ്ബുക്ക് പ്രകാരം | വാർഷികധനകാര്യപത്രിക പ്രകാരം |
|---|---|---|
| അഡ്വാൻസ് ലഭിച്ചത് (ഗ്രാമപഞ്ചായത്ത് നൽകിയ തുക) | 1908946 | 1546963 |
| അഡ്മിനിസ്ട്രേറ്റീവ് വരവ് | 2130658 | 4061117 |
| ഇ.എഫ്.എം.എസ് | 75239344 | 75246000 |

8. വസ്തുനികുതി ഡി.സി.ബി.- വാർഷികധനകാര്യപത്രിക പ്രകാരമുള്ള തുക സഞ്ചയ സോഫ്റ്റ് വയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് (2019-20ബി15 പ്രകാരം ) | കളക്ഷൻ ( ആർ പി 43 പ്രകാരം ) | ബാലൻസ് ബി 15 പ്രകാരം |
|---|---|---|---|
| വാർഷികധനകാര്യപത്രിക പ്രകാരം | | | |
| പ്രോപ്പർട്ടി ടാക്സ് റസിഡൻഷ്യൽ (അരിയർ ) | 345863 | 212774 | 421342 |
| പ്രോപ്പർട്ടി ടാക്സ്നോൺ റസിഡൻഷ്യൽ(അരിയർ) | 934036 | 210094 | 624509 |
| പ്രോപ്പർട്ടി ടാക്സ് റസിഡൻഷ്യൽ Current ) | 1471571 | 1294549 | 185873 |
| പ്രോപ്പർട്ടി ടാക്സ് നോൺ റസിഡൻഷ്യൽ (Current ) | 1859775 | 1246828 | 643595 |
| സഞ്ചയപ്രകാരമുള്ള തുക | | | |
| പ്രോപ്പർട്ടി ടാക്സ് റസിഡൻഷ്യൽ (അരിയർ ) | 452013 | 191174 | 384500 |
| പ്രോപ്പർട്ടി ടാക്സ്നോൺ റസിഡൻഷ്യൽ(അരിയർ) | 704858 | 247798 | 460749 |
| പ്രോപ്പർട്ടി ടാക്സ് റസിഡൻഷ്യൽ Current ) | 1583228 | 1167716 | 384500 |
| പ്രോപ്പർട്ടി ടാക്സ് നോൺ റസിഡൻഷ്യൽ (Current ) | 1874524 | 1592012 | 387593 |

9. ബാലൻസ് ഷീറ്റ് B4-Schedule പ്രകാരം 18418521 രൂപ തിരിച്ചടയ്ക്കാനുള്ള ബാധ്യതയായി തനത് വരുമാനത്തോടൊപ്പം സൂക്ഷിച്ചിട്ടുണ്ട്. ആയതിന്റെ വിനിയോഗം/തിരിച്ചടവ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയിട്ടില്ല

10. വിവിധ ബാങ്ക് അക്കൌണ്ടുകളുടെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് , വിവിധ രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ, സംക്ഷിപ്തം എന്നിവ (Loan Rgister, Deposit Register, Advance Register, Liability Register, D&O Register മുതലായവ) സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ലാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല

11. 2020-21 വർഷം നിക്ഷേപ പ്രവൃത്തികൾക്കായി കേരളവാട്ടർ അതോറിറ്റിക്ക് നൽകിയ തുക എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം 97000/- രൂപയാണ്(46/21 പാലൈക്കോണം പട്ടികജാതികോളനിയിൽ പൈപ്പ് ലൈൻ നീട്ടൽ ) എന്നാൽ വാർഷികധനകാര്യപത്രികപ്രകാരമുള്ള ചെലവ് 323800/- രൂപയാണ്.

12. KURDFC ലോൺ തുക ലോൺരജിസ്റ്ററും, വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല

| | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| രജിസ്റ്റർ പ്രകാരം | 14840000 | 4600976 | 63777266 |
| വാർഷികധനകാര്യപത്രിക പ്രകാരം | 13740000 | 4600976 | 61224012 |

13. Deposit Register- കൃത്യമായി പരിപാലിക്കുന്നില്ല. Deposit Registerലെ വിവിധ ഡെപ്പോസിറ്റ് തുകകൾ ചുവടെ ചേർക്കുംപ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| |
|---|
| Auction Deposit വരവ് - രജിസ്റ്റർ പ്രകാരം 161520 ഉം എ.എഫ്.എസ് പ്രകാരം 163320 ഉം ആണ് |
| Suppliers EMD – AFS പ്രകാരം 2019-20 ലെ Closing Balance (263050) രജിസ്റ്റർ പ്രകാരമുള്ള 2020-21ലെ Opening Balance(261450) ഉം പൊരുത്തപ്പെടുന്നില്ല |
| Beneficiary Contribution- വരവും, ചെലവും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല |

14. Festial Advance രജിസ്റ്റർ കൃത്യമായി പാലിക്കുന്നില്ല. രജിസ്റ്ററിലെ തുകയും, എ.എഫ്.എസും ചുവടെചേർക്കുംപ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| | രജിസ്റ്റർ പ്രകാരം | എ.എഫ്.എസ് പ്രകാരം |
|---|---|---|

| | | |
|---|---|---|
| നൽകിയ തുക | 120000 | 138000 |
| തിരിച്ചടച്ചത് | 72000 | 3000 |
| ലഭിക്കാനുള്ളത് | - | 9000 |

രജിസ്റ്ററിൽ ലഭിക്കുന്ന ഡെപ്പോസിറ്റ് തുകയുടെ വിശദാംശം എഴുതേണ്ടതും, ഡെപ്പോസിറ്റ് തിരികെ നൽകുമ്പോൾ ഇത് സംബന്ധിച്ച വ്യക്തമായി രേഖപ്പെടുത്തൽവരുത്തേണ്ടതും ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

2020-21 സാമ്പത്തിക വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ്, B-14 Stock In Hand (Inventories)ൽ ഉൾപ്പെടുത്തിയിട്ടില്ല.

15. ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ 1600/- രൂപ തൻവർഷം വരവുണ്ട്( 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-15). എന്നാൽ വാർഷികധനകാര്യപത്രികയിൽ ആയത് ഉൾപ്പെടുത്തിയിട്ടില്ല

16. 2020-21 ലെ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം Total Cash Generated ആയി രേഖപ്പെടുത്തിയിരിക്കുന്ന തുക (13425557) യും ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ Net Increase / Decrease In Cash And Cash Equivalents ആയി രേഖപ്പെടുത്തിയിട്ടുള്ള തുകയും (15396886) പൊരുത്തപ്പെടുന്നില്ല.

17. 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 62 (എഫ്) പ്രകാരം അടിസ്ഥാന അനുപാതങ്ങൾ കണക്കാക്കി വാർഷിക ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 ഗ്രാന്റ് വിനിയോഗം

ആധികാരികമായ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് 2020-2021 , ACR, AFS എന്നിവ ആധാരമാക്കിയാണ് ഖണ്ഡിക തയ്യാറാക്കിയിരിക്കുന്നത്.

I. ACR, AFS എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുംപ്രകാരം ലഭ്യമാക്കിയ തുക ലാപ്സായിരിക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 0 | 17661598 | 17661598 | 17661598 (*1) | 0 |
| വികസന ഫണ്ട് - SCP | 0 | 6124333 | 6124333 | 4832136 (*2) | 1292197 |
| വികസന ഫണ്ട്- TSP | 0 | 1468929 | 1468929 | 1086681 (*3) | 382248 |
| ധനകാര്യ കമ്മീഷൻ അവാർഡ്(Untied) | 0 | 20542389 | 20542389 | 10705617 | 9836772 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | 0 | 6982653 | 6982653 | 148956 | 6833697 |
| മെയിന്റനൻസ് ഫണ്ട്- റോഡിതരം | 0 | 6982653 | 6982653 | 5970864 (*4) | 1011789 |
| മെയിന്റനൻസ് ഫണ്ട്- റോഡ് | 0 | 16548000 | 16548000 | 7942468 | 8605532 |

II. ACR പ്രകാരം ഉള്ള ചെലവും സുലേഖ എക്സ്പെൻഡിച്ചർ പ്രകാരമുള്ള ചെലവും പൊരുത്തപ്പെടുന്നില്ല.

(*1) സുലേഖ എക്സ്പെൻഡിച്ചർ പ്രകാരമുള്ള ചെലവ്- 25529620

(*2) സുലേഖ എക്സ്പെൻഡിച്ചർ പ്രകാരമുള്ള ചെലവ്- 5358803

(*3) സുലേഖ എക്സ്പെൻഡിച്ചർ പ്രകാരമുള്ള ചെലവ്- 1291622

(*4) സുലേഖ എക്സ്പെൻഡിച്ചർ പ്രകാരമുള്ള ചെലവ്- 6042211

അപാകതയ്ക്ക് വിശദീകരണമാവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വ്യത്യാസം വന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

| കേന്ദ്രാവിഷ്കൃതഫണ്ട് | | | | | |
|---|---|---|---|---|---|
| MNREGS | 64005 | 4061117 | 4125122 | 4023718 | 101404 |
| ICDS | 542350 | 1023132 | 1565482 | 903111 | 662371 |
| ശുചിത്വ മിഷൻ | 3277024 | 5286033 | 8563057 | 1053970 | 7509087 |
| മറ്റുള്ളവ | 21870901 | 346596 | 22217497 | 22196847 | 20650 |
| സംസ്ഥാനാവിഷ്കൃതഫണ്ട് | | | | | |
| ആശ്രയ | 12530 | 2470250 | 2482780 | 2398250 | 84530 |
| ലൈഫ് ഭവനം (സംസ്ഥാന വിഹിതം) | 9040000 | 12020000 | 21060000 | 14760000 | 6300000 |

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാ ആക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 255 | 187513676 | 165 | 87499744 | -- | 90 | 64% |

പദ്ധതി വിഹിതം 64% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. പദ്ധതി വിഹിതം പൂർണമായും ഫലപ്രദമായും ചെലവഴിക്കുന്നതിനും ഫലപ്രാപ്തി മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനും നിർദ്ദേശിക്കുന്നു.

## 1-5 പണം നീക്കിയിരിപ്പ് പരിശോധന

ആര്യനാട് ഗ്രാമപഞ്ചായത്തിന്റെ 2020 - '21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള പണം നീക്കിയിരിപ്പ് പരിശോധന 30.07.2021 തീയ്യതിയിൽ രാവിലെ 11.00 സമയത്ത് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 1,28,144/-/-രൂപയുടെ നീക്കിയിരിപ്പ് ബോദ്ധ്യപ്പെട്ടു.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 64005 | 4061117 (*1) | 4125122 | 4023718 | 101404 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 75246000 (*2) | 75246000 | 75246000 | 0 |

(*1) – ക്യാഷ്ബുക്ക് പ്രകാരമുള്ള വരവ്- 2130658

(*2) – ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്- 75239344

## 1-6-1 എൻ.ആർ.ഇ.ജി.എസ്- സാധനസാമഗ്രികൾ വാങ്ങാൻ ടെണ്ടർക്ഷണിക്കേണ്ടതാണ്

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിക്കായുള്ള സാധനസാമഗ്രികളുടെ 20000/- രൂപയ്ക്ക് മുകളിലുള്ള വാങ്ങലിന് മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിക്കണമെന്ന് സ.ഉ.(കൈ)നം. 93/2012തസ്വഭവ തീയതി 31.03.2012 ഉത്തരവ് പ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ 2020-21 സാമ്പത്തികവർഷം നടന്ന രണ്ട് മെറ്റീരിയൽവർക്കുകൾക്കും സാധനസാമഗ്രികൾ നേരിട്ട് വാങ്ങിയാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര്, അടങ്കൽ | പ്രവൃത്തിക്ക് സാധനസാമഗ്രികൾ വാങ്ങിയതിന് മാത്രം ചെലവായ തുക |
|---|---|
| സൺപ്രോഡക്ട് കുടുംബശ്രീയൂണിറ്റ്, പള്ളിവേട്ട അടങ്കൽ- 500000 | 41823/- |
| വള്ളിമംഗലം കുടപ്പാറ നടപ്പാത കോൺക്രീറ്റ് നിർമ്മാണം അടങ്കൽ- 300000 | 225710/- |

രണ്ട് പ്രവൃത്തികളും കുടുംബശ്രീയൂണിറ്റുകൾ മുഖേനയാണ് നിർവ്വഹണം നടത്തിയിരിക്കുന്നതെന്നും, സാധനസാമഗ്രികൾ വാങ്ങാൻ ടെണ്ടർക്ഷണിച്ചിട്ടില്ലായെന്നും മറുപടിനൽകിയിട്ടുണ്ട്. കൂടാതെ വാങ്ങുന്ന സാധനങ്ങൾക്ക് സ്റ്റോക്ക് വിതരണ രജിസ്റ്ററും സൂക്ഷിക്കുന്നില്ല. സാധനസാമഗ്രികളുടെ വാങ്ങൽ, സംഭരണം, വിനിയോഗം എന്നിവ സംബന്ധിച്ച് സർക്കാർ നിർദ്ദേശം കർശനമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-7 മാലിന്യ സംസ്കരണം ഫലപ്രദമായി നടപ്പിലാക്കുന്നില്ല.

പ്രോജക്ട് നമ്പർ-79 -

അടങ്കൽ - 372150

ഫണ്ട്- CFC

ചെലവ് - 0

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 166 പ്രകാരം മാലിന്യ സംസ്കരണം സ്ഥാപനത്തിന്റെ അനിവാര്യ ചുമതലയിൽ ഒന്നാണ്. പദ്ധതി മാർഗ്ഗരേഖയിലേയും സബ്സിഡി മാർഗ്ഗരേഖയിലേയും നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഉറവിട മാലിന്യ സംസ്കരണത്തിന് ഊന്നൽ നൽകുന്ന പദ്ധതികൾ ആവിഷ്കരിക്കുവാൻ വർക്കിംഗ് ഗ്രൂപ്പിന്റേയും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഇടപെടൽ ഉണ്ടാകേണ്ടതാണ്. മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ഹരിത കർമ്മ സേനക്കായി കോട്ട്, തൊപ്പി, ഗ്ലൌസ്, തിരിച്ചറിയൽ കാർഡ്, തുണി സഞ്ചി എന്നിവ നൽകുന്നതിനായി 2019-20 സാമ്പത്തിക വർഷം 44,100/- രൂപ ചെലവഴിച്ചു. എന്നാൽ മാർക്കറ്റുകൾ, വീടുകൾ, മറ്റ് പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ നിന്നും മാലിന്യം നീക്കം ചെയ്ത് സംസ്കരിക്കുന്നതിനാവശ്യമായി സ്ഥലമോ, സൌകര്യമോ കണ്ടെത്തുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുകയോ നടപ്പിലാക്കുകയോ ചെയ്യാതെയാണ് ഹരിത കർമ്മ സേനാഗംങ്ങൾക്കായി കോട്ട്, തൊപ്പി, ഗ്ലൌസ്, തിരിച്ചറിയൽ കാർഡ്, തുണി സഞ്ചി എന്നിവ നൽകുന്നതിനായി 2019-20 സാമ്പത്തിക വർഷം പദ്ധതി നടപ്പിലാക്കുകയും തുക ചെലവഴിക്കുകയും ചെയ്തത്. പ്രസ്തുത സാധന സാമഗ്രികൾ രണ്ട് വർഷത്തിൽ കൂടുതൽ ഉപയോഗിക്കാതിരിക്കുന്ന സാഹചര്യത്തിൽ ആയവ നശിച്ച് പോകാനുള്ള സാധ്യതയാണ്. 2020-21സാമ്പത്തിക വർഷത്തിലും തുടർ പ്രവർത്തനത്തിനാവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടില്ല.

ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 2തീയതി. 27.07.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-8 ഡി ആന്റ് ഒ ലൈസൻസ് - വരുമാനം കുറയുന്നു.

31.10.2017 ലെ പഞ്ചായത്ത് രാജ് ലൈസൻസ് ചട്ടങ്ങളിലെ ഭേദഗതി പ്രകാരം ലൈസൻസിനായി ഈടാക്കാവുന്ന ഏറ്റവും കുറഞ്ഞ തുക 500/- രൂപയാണ്. മൂലധനത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത തുക നിശ്ചയിച്ചിട്ടുള്ളത്. രേഖകൾ പരിശോധിച്ചതിൽ നിന്നും 500/- രൂപയിലും കുറഞ്ഞ തുക ഫീസായി ഈടാക്കി 52 (ആകെ 146 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത്) സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിരിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഈടാക്കിയ തുക | എണ്ണം | നഷ്ടം |
|---|---|---|---|
| 1 | 400/- | 1 | 100/- (1x100) |
| 2 | 300/- | 29 | 5,800/- (29x200) |
| 3 | 200/- | 15 | 4,500/- (15x300) |
| 4 | 100/- | 7 | 2,800/- (7x400) |

2020-21 സാമ്പത്തിക വർഷം 146 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് നൽകിയിരിക്കുന്നത്. ഇപ്രകാരം ലഭിച്ച ലൈസൻസ് ഫീ 98,700/- രൂപ മാത്രമാണ്. 2019-20 സാമ്പത്തിക വർഷം 275 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. 1,27,262/- രൂപ ഈ ഇനത്തിൽ ലഭിച്ചിട്ടുണ്ട്. ഒരു വർഷത്തിനുള്ളിൽ ഇപ്രകാരം സ്ഥാപനങ്ങളുടെ എണ്ണവും, ഇതുമൂലം ഉണ്ടായ വരുമാനനഷ്ടവും സംഭവിച്ച സാഹചര്യം വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.21, തീയതി. 30.07.2021) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കാത്ത സാഹചര്യത്തിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ പരിശോധിക്കാൻ സാധിക്കുന്നില്ല. ഓഡിറ്റ് റിപ്പോർട്ടുകളിലെ ട്രേഡേഴ്സ് ലിസ്റ്റ് സംബന്ധിച്ച പരാമർശങ്ങൾക്ക്, ആയത് പരിഹരിക്കുന്നതാണെന്ന് പഞ്ചായത്ത് അധികൃതർ മറുപടി നൽകുന്നുണ്ടെങ്കിലും നാളിതു വരെ ആയത് കാലികമാക്കിയിട്ടില്ല.

## 1-9 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ

ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് എല്ലാ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിക്കുമെങ്കിലും ആയത് നാളിതുവരെ പൂർണ്ണമായു തയ്യാറാക്കിയിട്ടില്ല. ആയതിനാൽ കാലാകാലങ്ങളിൽ എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതിയും സ്ഥാപന നികുതിയും ലഭിക്കുന്നുണ്ടോ എന്നത് സംബന്ധിച്ച് പരിശോധന നടത്താൻ സാധിക്കുന്നില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കല്യാണ മണ്ഡപങ്ങൾ , ദേവസ്വം ബോർഡിന് കീഴിലുള്ള ആരാധനാലയങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതി ആകെ തുകകൾ പെൻസിൽ ഉപയോഗിച്ചാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയത് ശരിയായ പ്രവണതയല്ല. തൊഴിൽ നികുതി രജിസ്റ്ററിൽ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. മേൽ പറഞ്ഞ അപാകങ്ങൾ പരിഹരിച്ച് രജിസ്റ്ററുകൾ കാലികമായി സാക്ഷ്യപ്പെടുത്തി നികുതി നഷ്ടം ഒഴിവാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 എസ്.എൽ.ഐ പ്രീമിയം തുക ഈടാക്കിയതിൽ കുറവ്

ജി.ഒ (പി)55602008/ധന/16.12.2008 , ചട്ടം 22എ കെ. എസ്.ആർ. 1 എന്നിവ പ്രകാരം സംസ്ഥാന സർവ്വീസിൽ പ്രവേശിക്കുന്ന അമ്പത് വയസ്സ് കഴിയാത്ത ഉദ്യോഗസ്ഥർ ഓരു മാസത്തിനുള്ളിൽ സർക്കാർ യഥാകാലം നിശ്ചയിക്കുന്ന നിരക്കിൽ സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് പോളിസി എടുക്കേണ്ടതാണ്.

2020-21 സാമ്പത്തിക വർഷത്തെ വൌച്ചർ പരിശോധനയിൽ ചുവടെ ചേർത്തിരിക്കുന്ന ജീവനക്കാരുടെ എസ്.എൽ.ഐ പ്രീമിയം തുക ഈടാക്കിയതിൽ കുറവ് കാണുന്നു.

| പേര്/ഉദ്യോഗപ്പേര് | അടിസ്ഥാന ശമ്പളം | ഈടാക്കിയ തുക | ഈടാക്കേണ്ട തുക |
|---|---|---|---|
| ശ്രീമതി. ലിമ എസ്, അസിസ്റ്റന്റ് സെക്രട്ടറി | 38,500/- | 250/- | 500/- |
| ശ്രീ. എസ്. കൃഷ്ണകുമാർ, സീനിയർ ക്ലാർക്ക് | 29,200/- | 250/- | 300/- |
| ശ്രീ. അജിത്ത് കുമാർ, ക്ലാർക്ക് | 31,500/- | 150/- | 300/- |

| | | | |
|---|---|---|---|
| ശ്രീമതി. ജി ഒ റെജി മോൾ, ക്ലാർക്ക് | 31,500/- | 200/- | 300/- |

പ്രസ്തുത വിഷയം സംബന്ധിച്ച് 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. എന്നാൽ ആയത് നാളിതുവരെ പഞ്ചായത്ത് നടപ്പിൽ വരുത്തിയിട്ടില്ല.

## 1-11 തൊഴിൽ രഹിത വേതനം- രജിസ്റ്ററിലെ അപാകതകൾ

**1-11 തൊഴിൽ രഹിത വേതന◌ം- രജിസ്റ്ററിലെ അപാകതകൾ**

തൊഴിൽ രഹിത വേതന രജിസ്റ്റർ പരിശോധിച്ചതിൽ ഫോട്ടോ പതിക്കാതെയും, ജനജത്തീയതി രേഖപ്പെടുത്താതെയും തൊഴിൽ രഹിത വേതനം നൽകിയിട്ടുള്ളതായി കാണുന്നു. ഉദാ :-

| രജിസ്റ്ററിലെ ക്രമ നം | ഫോട്ടോ ഇല്ലാത്തവർ | ജനനത്തീയതി രേഖപ്പെടുത്തിയിട്ടില്ലാത്തവ |
|---|---|---|
| 2089 A | | പ്രിയങ്ക കെ എസ് |
| 2116 | | മുനീറ എച്ച് |
| 2117 | നന്ദു എം ജി | |
| 2119 | നന്ദലാൽ ജി | |
| 2122 | ഐശ്വര്യ എസ് എസ് | |

ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.26, തീയതി. 30.07.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-12 പൊതു ഗ്രന്ഥ ശാലയിലെ മാസവരി രേഖപെടുത്തുന്നതിൽ അപാകത

(A)ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള പൊതു ഗ്രന്ഥശാലയിലെ രേഖകൾ പരിശോധിച്ചപ്പോൾ മാസവരി രേഖപെടുത്തുന്ന രജിസ്റ്ററിൽ നിന്നും ലഭ്യമായ വിവരങ്ങൾ അപൂർണമാണെന്ന് കണ്ടെത്തി. മാസവരി ഇനത്തിൽ ഇനി എത്ര തുക പിരിഞ്ഞു കിട്ടാനുണ്ട് എന്ന ഓഡിറ്റ് എനിക്വയറി നം.3 പ്രകാരമുള്ള ചോദ്യത്തിന് നിലവിലുള്ള മാസവരിയുടെ കൃത്യമായ കണക്കുകൾ ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന് മറുപടി നൽകിയിരുന്നു. മാസവരി തുക കൃത്യമായി തിട്ടപ്പെടുത്തി ഹാജരാക്കേണ്ടതാണ്. അതോടൊപ്പം മാസവരി രജിസ്റ്ററുകൾ കൃത്യമായ ഘടനയിൽ തയ്യാറാക്കി കാലികമായി സൂക്ഷിക്കേണ്ടതുമാണ്.1-11വി ഇ ഒ നടപ്പിലാക്കിയ പദ്ധതികൾ- ആവശ്യമായ രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല

(B) ഗ്രന്ഥശാലയിൽ പുതിയ പുസ്തകങ്ങൾ ലഭ്യമാക്കേണ്ടതാണ്.

പഞ്ചായത്തിൽ പ്രവൃത്തിക്കുന്ന ഗ്രന്ഥശാലയിൽ 04/03/2015 -ന ശേഷം പുതുതായി പുസ്തകങ്ങൾ ഒന്നും തന്നെ വാങ്ങിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് എൻക്വയറി നം.3-നുള്ള മറുപടിയിൽ പഞ്ചായത്ത് കമ്മിറ്റിയാണ് പുതിയ പുസ്തകങ്ങൾ വാങ്ങുന്നതിനുള്ള തീരുമാനം എടുക്കുന്നത് എന്ന് ബന്ധപ്പെട്ടവർ അറിയിച്ചു. പഞ്ചായത്ത് കമ്മിറ്റി നിലവിലെ സാഹചര്യം ചർച്ച ചെയ്ത് പുതിയ പുസ്തകങ്ങൾ വാങ്ങുകയും ജനങ്ങൾക്കിടയിൽ വായനാ ശീലം വർദ്ധിപ്പിക്കുന്നതിനായി പുതു പദ്ധതികൾ ആസൂത്രണം ചെയ്ത് ഗ്രന്ഥശാല നവീകരിക്കാൻ വേണ്ട നടപടികൾ പൂർത്തിയാക്കേണ്ടതുമാണ്. ഈ വിഷയത്തിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 ഹോമിയോ ആശുപത്രിക്കു മരുന്നു വാങ്ങൽ പദ്ധതി.

| | |
|---|---|
| പ്രോജക്ട് നം. | 5 /20-21 |
| പ്രോജക്ടിന്റെ പേര്. | ഹോമിയോ ആശുപത്രിക്കു മരുന്നു വാങ്ങൽ പദ്ധതി. |
| നിർവ്വഹണഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| അടങ്കൽ | 600000(മെയിന്റൻസ് ഫണ്ട്- നോൺറോഡ്.) |
| ചെലവ് | 600000(മെയിന്റൻസ് ഫണ്ട്- നോൺറോഡ്.) |
| ബിൽ നം. /തീയതി. | 2/20-21/19.01.21. |
| ഓഡിറ്റ് എൻക്വയറി.നം/ തീയതി. | 12/28.07.21. |

ഗവൺമെന്റ് ഹോമിയോ ആശുപത്രിക്കു മരുന്നു വാങ്ങുന്നതിനായി ബിൽ നമ്പർ 2/20-21/19.01.21 പ്രകാരം 600000/- രൂപ പിൻവലിച്ച് കേരളാ സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി (ഹോംകോ) എന്ന സ്ഥാപനത്തിനു നൽകിയിട്ടുണ്ട്. എന്നാൽ ഇതുവരെ 233134/- രൂപയുടെ മരുന്നു മാത്രമാണ് ആശുപത്രിക്കു ലഭ്യമാക്കിയിട്ടുള്ളത്. മരുന്നുകൾ ലഭ്യമാക്കുന്നതിനായി തുക മുൻകൂർ നൽകുമ്പോൾ HOMCO യുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. മുൻകൂർ നൽകുന്ന തുകയ്ക്കുള്ള മരുന്നുകൾ സമയബന്ധിതമായി ലഭിക്കുന്നതിനായി നടത്തിയ തുടർനടപടികളുടെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കി ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം ചെലവ് തുക തടസ്സപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-14 യു.പി വരെയുള്ള കുട്ടികൾക്ക് പ്രഭാത ഭക്ഷണം - നടപടി ക്രമങ്ങളിൽ അപാകത.

പദ്ധതി നമ്പർ: 07/2021

പദ്ധതിയുടെ പേര് : യു.പി വരെയുള്ള കുട്ടികൾക്ക് പ്രഭാത ഭക്ഷണം

അടങ്കൽ തുക: 10,00,000/-

ചെലവഴിച്ച തുക: 9,94,595/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ

എല്ലാ കുട്ടികളും എല്ലാ ദിവസവും ഹാജരായതായിട്ടാണ് രേഖകളിൽ കാണിച്ചിട്ടുള്ളത്.പ്രഭാത ഭക്ഷണം പദ്ധതി ഉപയോഗപ്പെടുത്തുന്ന വിദ്യാർത്ഥികളുടെ യഥാർത്ഥ കണക്ക് ലഭ്യമല്ല. പലചരക്കുകടയിൽ നിന്നും വാങ്ങുന്ന സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. പലചരക്കുകടയിൽ നിന്നും വാങ്ങുന്ന സാധനങ്ങളുടെ ബില്ലുകൾ റദ്ദ് ചെയ്ത് സൂക്ഷിച്ചിട്ടില്ല. പലചരക്കുകടയിൽ നിന്നും വാങ്ങുന്ന സാധനങ്ങളുടെ ബില്ലുകളിൽ തീയതി ഇല്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (5/13.07.2021) മറുപടിയായി എട്ട് സ്കൂളുകൾ ഉള്ളതിൽ 7 എണ്ണത്തിലും ഹെഡ്മാസ്റ്ററുടെ ചാർജ്ജ് വഹിക്കുന്നവരാണെന്നും രേഖകൾ ഹാജരാക്കാമെന്നും മറുപടി നൽകുകയുണ്ടായി.

## 1-15 കാലഹരണ തീയതി കഴിഞ്ഞ മരുന്നുകൾ വിതരണം ചെയ്തു

| | |
|---|---|
| പദ്ധതി നമ്പർ | 11/2019 |
| പദ്ധതിയുടെ പേര് | മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ തുക | 5,00,000/- |
| ചെലവ് തുക | 5,00,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |

നീതി മെഡിക്കൽസിൽ നിന്നും വിതരണം ചെയ്ത ചുവടെ വിവരിക്കുന്ന മരുന്നുകൾ കാലഹരണ തീയതി കഴിഞ്ഞതിന് ശേഷവും വിതരണം ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | മരുന്നിന്റെ പേര് | ബിൽ നമ്പർ/ തീയതി | എക്സ്പിയറി തീയതി | വിതരണം ചെയ്ത തീയതി |
|---|---|---|---|---|
| 1. | SULBAVET C 750 MG | 1429/28.06.2019 | 11/2019 | 26.04.2020 |
| 2 | ENRO BLS 1.5 GM | 1429/28.06.2019 | 10/2020 | 25.11.2020 |
| 3 | BENDOL 1 LTR | 1416/27.06.2019 | 02/2020 | 18.04.2020 |

കാലാവധി കഴിഞ്ഞ മരുന്നുകൾ വിതരണം ചെയ്തതിന് വിശദീകരണം (10/2021,16.072021) ചോദിച്ചതിന് അശ്രദ്ധ കാരണം സംഭവിച്ചതാണെന്ന് മറുപടി നൽകുകയുണ്ടായി. ജീവന് തന്നെ അപകടമായേക്കാവുന്ന ഈ അശ്രദ്ധ ഓഡിറ്റ് അതീവ ഗൗരവമായി കാണുന്നു. മരുന്നു വിതരണ കമ്പനിയുമായി കരാറിൽ ഏർപ്പെടുകയും എക്സ്പിയറി തീയതിക്ക് മുൻപായി മരുന്നുകൾ വിതരണം ചെയ്തു എന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതുമാണ്. ഗുരുതരമായ പ്രസ്തുത വിഷയം ഭരണസമിതി അടിയന്തിരമായി ചർച്ച ചെയ്യുകയും ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് അടിയന്തിര നടപടി സ്വീകരിച്ച് ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-16 എസ്സ്.സി. വിദ്യാർത്ഥികൾക്ക് ഫർണീച്ചർ

പദ്ധതിയുടെ പേര്- എസ്സ്.സി. വിദ്യാർത്ഥികൾക്ക് ഫർണീച്ചർ

പദ്ധതി നമ്പർ - 60

അടങ്കൽ തുക - 3,98,800/-

ചെലവ് തുക – 3,92,046/-

പ്രസ്തുത പ്രോജക്ട് നടപ്പിലാക്കുന്നതിനായി ഗുണഭോക്തൃ പട്ടിക പ്രകാരം 56 എസ്.സി. വിദ്യാർത്ഥികളാണ് ഫർണീച്ചർ കിട്ടുന്നതിന് അപേക്ഷിച്ചിരുന്നത്. എന്നാൽ 81 വീതം മേശയും, കസേരകളും സിഡ്കോയിൽ നിന്നും വാങ്ങി. ഗുണഭോക്തൃ പട്ടികയിലെ 56 കുട്ടികൾക്കും വിതരണം ചെയ്ത് കഴിഞ്ഞതിന് ശേഷം ശേഷിക്കുന്ന 25 ഫർണീച്ചറുകൾ കൊടുത്തു തീർക്കുന്നതിന് വേണ്ടി ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാത്തതായ വേറെ സ്കൂളിലെ കുട്ടികൾക്ക് (വി.എച്ച്.എസ്.എസ്.ആര്യനാട്, ടി.ബി.എച്ച്.എസ്, മനങ്കൽ, എസ്.എൻ.എച്ച്.എസ് ഉഴമലയ്ക്കൽ) കൊടുക്കേണ്ടി വന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/2021,28.07.2021) മറുപടിയായി ഫണ്ട് തുക

ചിലവഴിക്കുന്നതിനാണ് ആവശ്യത്തിലധികം ഫർണീച്ചറുകൾ വാങ്ങിയതെന്നാണ് മറുപടി നൽകിയത്. ഇത് ശരിയായ നടപടിക്രമമല്ല. തുക ചിലവഴിക്കാൻ മാത്രമായി അധികമായി ഫർണീച്ചർ വാങ്ങുകയും അവ ആവശ്യമില്ലാത്തവർക്ക് വിതരണം ചെയ്യുകയും വഴി ഒരു പാഴ്ചെലവാണ് ഈ പദ്ധതി വഴി നടത്തിയതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതി ആവശ്യകത വിലയിരുത്തി മാത്രം തയ്യാറാക്കി അംഗീകാരം നേടി നടപ്പാക്കുന്നതിന് ഭരണസമിതിയും സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

## 1-17 കറവപശു പരിപാലനം പദ്ധതി - സുതാര്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

| | |
|---|---|
| പദ്ധതി നമ്പർ | 17/2021 |
| പദ്ധതിയുടെ പേര് | കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണം |
| അടങ്കൽ തുക | 13,00,000/- |
| ചെലവ് തുക | 6,50,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |

2020-2021 വർഷത്തിൽ കറവപശു പരിപാലനം പദ്ധതിയിൽ ഗുണഭോക്തൃ അപേക്ഷകളിൽ ഗ്രാമ പഞ്ചായത്ത് മെമ്പർ / പ്രസിഡന്റിന്റെ ശുപാർശയോ, സീനിയർ വെറ്ററിനറി സർജന്റെ നടപടിക്രമമോ ഇല്ല. അപേക്ഷകകൾ എല്ലാം ഭാഗികമായി മാത്രമേ പൂരിപ്പിച്ചിട്ടുള്ളൂ. ഗുണഭോക്തൃ പട്ടികയിലെ അപേക്ഷകൾ പഞ്ചായത്ത് മെമ്പറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജൻ അംഗീകരിക്കേണ്ടതുണ്ട്. എന്നാൽ ഈ അപേക്ഷകളിൽ ഒന്നും തന്നെ ഈ നടപടിക്രമം പാലിക്കപ്പെട്ടിട്ടില്ല. അതിനാൽ പദ്ധതി നടത്തിപ്പിന്റെ സുതാര്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. പദ്ധതി നടത്തിപ്പിന്റെ നടപടി ക്രമങ്ങളിലെ അപാകത നിർവ്വഹണ ഉദ്യോസ്ഥന്റെ വീഴ്ചയാണ്. ക്ഷീര വികസനം ലക്ഷ്യംവച്ച് പദ്ധതി ഫലപ്രദമായും സുതാര്യമായും നടപ്പാക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-18 പാഥേയം- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

പ്രോജക്ട് നം.56/21(പാഥേയം)

അടങ്കൽ - 599920/- (വി.ഫ(പൊ.വി))

ചെലവ് - 429115/-

60 വയസിന് മുകളിൽ പ്രായമുള്ളവരും, ഒരുനേരത്തെ ആഹാരം പോലും ലഭ്യമാകാത്തവരുമായ ഒരുനേരത്തെ പാകംചെയ്ത ആഹാരം കുടുംബശ്രീവഴി ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള പദ്ധതിക്കായി ജില്ലാപഞ്ചായത്ത് അക്കൌണ്ടിലേക്ക് 429115/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ ആയതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കി സമർപ്പിക്കാമെന്ന് നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. വിഷയത്തിൽ തുടർനടപടി സ്വീകരിക്കേണ്ടതാണ്. ഭരണസമിതി ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 വി ഇ ഒ നടപ്പിലാക്കിയ പദ്ധതികൾ- ആവശ്യമായ രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ വീട് പുനരുദ്ധാരണം പദ്ധതികളിൽ അപേക്ഷ, കരാർ പത്രിക എന്നിവ പൂരിപ്പിച്ചിട്ടില്ല. വാല്യൂഷൻ സർട്ടിഫിക്കറ്റ്, വീട് പൂർത്തീകരിച്ചതിന്റെ ഫോട്ടോ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ വീട് പൂർത്തിയാക്കാനുള്ള കാലാവധി, മറ്റ് വിശദാംശങ്ങളും എന്നിവ പരിശോധിക്കാൻ സാധിക്കുന്നില്ല. മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല. മേൽ വിഷയങ്ങളിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം 13 തീയതി 29.07.2021) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദമായ മറുപടി അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

## 1-20 പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർടാങ്ക്- ഗുണഭോക്തൃവിഹിതമിനത്തിലെ തുക സംബന്ധിച്ച് വ്യക്തതയില്ല

പ്രോജക്ട് നം. - 281/21(പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർടാങ്ക്)

അടങ്കൽ - 212500/- (170000- വി.ഫ(എസ്.സി), 42500- ഗുണ.വിഹിതം)

ചെലവ് - 211650/- (ബിൽ നം. 6/16.03.2021, 7/30.03.2021, 11/30.03.2021)

പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർടാങ്ക് വാങ്ങി നൽകുക എന്ന പ്രോജക്ട് പ്രകാരം 85 വാട്ടർ ടാങ്ക് 2490/- നിരക്കിൽ Tritech Traders എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഇതിലേക്കായി വികസനഫണ്ട്(എസ്.സി) ഇനത്തിൽ 170000/- രൂപ, ഗുണഭോക്തൃവിഹിതമിനത്തിൽ 42500/- രൂപ എന്നിങ്ങനെ ആകെ 201195/- രൂപയാണ് സുലേഖഎക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ്. എന്നാൽ സ്ഥാപനം ലഭ്യമാക്കിയ ബില്ല്, കൈപ്പറ്റ് രസീത് എന്നിവ പ്രകാരം ആകെ 211650/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥ ലഭ്യമാക്കിയ വിശദീകരണം പ്രകാരം ഗുണഭോക്തൃവിഹിതമിനത്തിലെ യഥാർത്ഥ ചെലവ് 52955/- രൂപയാണ്. പ്രസ്തുത പ്രോജക്ടിലേക്ക് ആകെ 56745/- രൂപ ഗുണഭോക്തൃവിഹിതമിനത്തിൽ കളക്ട് ചെയ്തതായും ബാലൻസ്ഷീറ്റ് പരിശോധിച്ചതിൽ 27390/- രൂപ ബാക്കിനിൽക്കുന്നതായും വിശദീകരിച്ചിട്ടുണ്ട്. പ്രോജക്ടിലേക്ക് ഗുണഭോക്തൃവിഹിതമിനത്തിൽ കളക്ട്

ചെയ്തതും, ചെലവഴിച്ചതും ബാക്കിനിൽക്കുന്നതുമായ തുക സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതും, പ്രോജക്ട് പ്രകാരം ഗുണഭോക്തൃവിഹിതം വകയിരുത്തിയതിലും അധികം ചെലവഴിച്ചതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

കൂടാതെ സമാന ആനുകൂല്യം പട്ടികജാതി വികസന വകുപ്പിൽ നിന്ന് ലഭിച്ചിട്ടില്ലായെന്നുള്ള സാക്ഷ്യപത്രം 20 അപേക്ഷകർക്കുള്ളത് മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. മറ്റ് ഗുണഭോക്താക്കൾക്ക് സാക്ഷ്യപത്രം ലഭ്യമാക്കിയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-21 കോവിഡ് -19 പ്രതിരോധ / നിർവ്യാപന പ്രവർത്തനങ്ങൾ -അവലോകനം

തദ്ദേശസ്വയംഭരണവകുപ്പിന്റെ 4/12/2019 ലെ ഉത്തരവ് നമ്പർ (കൈ) 156/2019, തദ്ദേശസ്വയംഭരണവകുപ്പിന്റെ 14/1/2020ലെ ഉത്തരവ് നമ്പർ (കൈ) 14/2020 എന്നിവയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായുള്ള പ്രവർത്തനങ്ങൾ, ലഭ്യമായതും ചെലവായതുമായ തുകയുടെ അക്കൗണ്ടിങ്ങ് എന്നിവയുടെ വിവരങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 4/2021 നുള്ള മറുപടി സഹിതം ചുവടെ ചേർക്കുന്നു.

| സർക്കാർ ഉത്തരവ് | പ്രവർത്തനം | പഞ്ചായത്തിലെ പ്രവർത്തനം |
|---|---|---|
| സ.ഉ.(കൈ)55/2020/ ത.സ്വ.ഭ.വ/ 20.03.2020 | വാർഡ് തല ഹെൽത്ത് കമ്മിറ്റികൾ, Emergency Response Team, ആരോഗ്യ ജാഗ്രതാ സമിതികൾ എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കൽ സംബന്ധിച്ച് | 2020-21 സാമ്പത്തിക വർഷത്തിൽ പ്രവർത്തനം നടപ്പിലാക്കിയിട്ടില്ല.എന്നാൽ 2021-22 -ൽ വാർഡ് തല ഹെൽത്ത് കമ്മറ്റികൾ, Emergency Response Team ആരോഗ്യ ജാഗ്രതാ സമിതികൾ രൂപീകരിച്ചു. |
| സ.ഉ(സാധ)1364/2020/ ത.സ്വ.ഭ.വ. 16.07.2020 | സി.എഫ്.എൽ.ടി.സി.കളുടെ രൂപീകരണവും നടത്തിപ്പും വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ. ഇവയുടെ നടത്തിപ്പിനായി നിർദ്ദിഷ്ടഘടനയിൽ പ്രത്യേക മാനേജിങ്ങ് കമ്മറ്റി രൂപീകരിക്കേണ്ടതാണ്. | 2020-21 ൽ സി.എഫ്.എൽ.ടി.സി.കളുടെ രൂപീകരണത്തിനും നടത്തിപ്പിനുമായി പ്രത്യേക മാനേജിങ്ങ് കമ്മറ്റി രൂപീകരിച്ചിട്ടില്ല. എന്നാൽ 2021-22 -ൽ DCC , മാനേജിങ്ങ് കമ്മറ്റി എന്നിവ രൂപീകരിച്ചു. |
| സ.ഉ(സാധ)1364/2020/ ത.സ്വ.ഭ.വ. 16.07.2020 | സി.എഫ്.എൽ.ടി.സി.യുടെ പ്രവർത്തനത്തിനായുള്ള സാമ്പത്തികം അവ തുടങ്ങുവാനുള്ള നടപടികൾ ആരംഭിച്ച വിവരം ജില്ലാ ദുരന്തനിവാരണ അതോറിറ്റി (DDMA) യെ അറിയിക്കുന്ന മുറയ്ക്ക് നിർണ്ണയിക്കപ്പെട്ടിട്ടുള്ള നിരക്കിൽ തുക DDMA തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നൽകുകയും ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ തുക മാനേജ്മെന്റ് കമ്മിറ്റിയുടെ ജോയിന്റ് അക്കൗണ്ടിലേക്ക് കൈമാറുകയും ചെയ്യേണ്ടതാണ്. | 2020-21 ൽ മാനേജ്മെന്റ് കമ്മിറ്റിയുടെ ജോയിന്റ് അക്കൗണ്ട് ആരംഭിച്ചിട്ടില്ല. അവശ്യമായ തുക പ്ലാൻ ഫണ്ടിൽ നിന്നും തനതു ഫണ്ടിൽ നിന്നുമാണ് വിനിയോഗിച്ചത്. DDMA ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ തുക മാനേജ്മെന്റ് കമ്മിറ്റിയുടെ ജോയിന്റ് അക്കൗണ്ടിലേക്ക് കൈമാറിയിട്ടില്ല. എന്നാൽ 2021-22 ൽ പ്രത്യേക അക്കൗണ്ട് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.(Canara Bank A/C No.110003261565) |
| സ.ഉ(സാധ)713/2020/ ത.സ്വ.ഭ.വ/26.03.2020 -കമ്മ്യൂണിറ്റി കിച്ചൻ | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി ഒത്തു ചേർന്ന് കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ കമ്മ്യൂണിറ്റി കിച്ചണുകൾ ആരംഭിക്കണം. | ഒരു കമ്മ്യൂണിറ്റി കിച്ചൺ ആരംഭിച്ചു. ഭക്ഷണത്തിനു സംഭാവന, സ്പോൺസർഷിപ്പ് എന്നിവ വഴിയാണ് തുക കണ്ടെത്തിയത്. കമ്മ്യൂണിറ്റി കിച്ചനു വേണ്ടി തുകയൊന്നും ലഭിച്ചിട്ടില്ല. തനതു ഫണ്ടിൽ നിന്നും 1,37,505/- രൂപ കമ്മ്യൂണിറ്റി കിച്ചനു വേണ്ടി ചെലവഴിച്ചു. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്ക് സൗജന്യ ഭക്ഷണ കിറ്റ് വിതരണം ചെയ്തിട്ടില്ല. |
| സ.ഉ(സാധ)1382/2020/ ത.സ്വ.ഭ.വ/21.07.2020) | കോവിഡ് കെയർ സെന്ററുകൾ (CCC), ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറൈൻറൈൻ സെന്ററുകൾ (IQC) എന്നിവ സ്ഥാപിച്ച് പരിപാലിക്കുന്നതും സംബന്ധിച്ച്. | 2020-21ൽ കോവിഡ് കെയർ സെന്ററുകൾ (CCC), ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറൈൻറൈൻ സെന്ററുകൾ (IQC) എന്നിവ പ്രവൃത്തിച്ചിട്ടില്ല. എന്നാൽ 2021-22 അവ പ്രവൃത്തിച്ചിട്ടുണ്ട്. |

ക്വോറന്റീൻ സെന്ററിനു ആവശ്യമായ വസ്തുക്കൾ (കട്ടിൽ,മെത്ത.തലയിണ,ബെഡ്ഷീറ്റ് മുതലായവ)പ്രതിരോധ പ്രവർത്തനങ്ങൾക്ക് വേണ്ടി വാങ്ങുകയും ചെയ്ത സാധനങ്ങൾ എന്നിവ സ്റ്റോക്കിലെടുക്കുകയും 2021ൽ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

Covid 19 പ്രതിരോധ പ്രവർത്തനങ്ങൾക്കായി ആര്യോഗ്യ പ്രവർത്തകരേയും ശുചീകരണ തൊഴിലാളികളെയും 2020-21 കാലയളവിൽ നിയമിച്ചിട്ടില്ല.

കോവിഡ് 19 ന്റെ പ്രവർത്തനങ്ങൾ പഞ്ചായത്തിൽ സർക്കാർ നിർദ്ദേശത്തിന്റെ പൂർണ്ണമായ അവസ്ഥയിൽ നടപ്പിലാക്കിയത് 2021-22 ൽ മാത്രമാണ്. ബോധവൽക്കരണ പ്രവർത്തനം മാത്രമാണ് 2020-21 ൽ നടപ്പിലായത്. 2020-21 ൽ തൃപ്തികരമായ രീതിയിൽ പ്രവർത്തനങ്ങൾ നടത്തിയതായി വിലയിരുത്തും. ഇത് സംബന്ധിച്ച കൃത്യമായ വരവ് ചെലവ് കണക്കുകൾ ബാങ്ക് രേഖകളുമായി ക്രമപ്പെടുത്തി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-22 ദുരിദാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്.

2003 കേരളപഞ്ചായത്ത്‌രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പ്രകൃതിക്ഷോഭങ്ങൾ, അഗ്നിബാധ, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന നിർദ്ധനരായ പഞ്ചായത്ത് നിവാസികൾക്ക് അടിയന്തിരസഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതാണ്.

വ്യക്തികൾ, സംഘടനകൾ എന്നിങ്ങനെയുള്ളവയിൽ നിന്നും ഇതിനായി സംഭാവന സ്വീകരിക്കാവുന്നതാണ്. അർഹരായ ദുരിതബാധിതർക്ക് 500/-രൂ വരെയുള്ള അടിയന്തിര സഹായം ചട്ടം വ്യവസ്ഥ ചെയ്യുന്നുണ്ട്.

അഗതികൾക്ക് വളരെയധികം സഹായകമായ പ്രസ്തുതനിധി രൂപീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 പാലിയേറ്റീവ് കെയർ-പദ്ധതി മാർഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പാലിയേറ്റീവ് കെയർ പദ്ധതിയിൽ (പ്രോജക്ട് നം 62/21)പാലിയേറ്റീവ് കെയറിനു വേണ്ടി ഓടിയ വാഹനത്തിന്റെ ഡ്രൈവറുടെ വേതനവും ഇന്ധന ചെലവും വ്യക്തിക്ക് നൽകിയിരിക്കുന്നതായി ഫയൽ പരിശോധനയിൽ കണ്ടു.ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം 24 നു മറുപടി ഹാജരാക്കിയിട്ടില്ല.

29.10.2015 ലെ സ.ഉ(സാധാ) നം.3217/2015/തസ്വഭവ മാർഗ്ഗരേഖ ഖണ്ഡിക 2.6.5 ൽ പാലിയേറ്റീവ് കെയറിനു വേണ്ടിയുള്ള വാഹനത്തിന്റെ ഉപയോഗത്തിനുള്ള നിബന്ധനകൾ പ്രകാരം പാലിയേറ്റീവ് കെയറിനു വേണ്ടിയോ ആംബുലൻസ് സർവ്വീസിനു വേണ്ടിയോ തദ്ദേശ സ്വയംഭരണ സ്ഥാപനം വാങ്ങിയിട്ടുള്ളതോ ഈ ആവശ്യങ്ങൾക്കായി സൗജന്യമായി ലഭിച്ചിട്ടുള്ളതോ ആയതിന്റെ വാഹനത്തിന്റെ വിവരം സ്റ്റോക്ക് രജിസ്റ്ററിലും ആസ്തി രജിസ്റ്ററിലും ചേർത്തതിനു ശേഷം മെഡിക്കൽ ഓഫീസർ കൺവീനറായുള്ള ആശുപത്രി മാനേജിംഗ് കമ്മിറ്റിക്ക് രേഖാമൂലം കൈമാറേണ്ടതാണ്.തുടർന്ന് വാഹനത്തിന്റെ കസ്റ്റോഡിയൻ മെഡിക്കൽ ഓഫീസറാണ്.വാഹനം ആരോഗ്യ സ്ഥാപനത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.മെഡിക്കൽ ഓഫീസർക്ക് വാഹനത്തിന്റെ വ്യക്തിപരമായ ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതാണ്. വാഹന ഉപയോഗത്തിനുള്ള ചെലവ് എച്ച്.എം.സി വഹിക്കേണ്ടതാണ്.

പാലിയേറ്റീവ് കെയർ ഗൃഹസന്ദർശനത്തിനായി വാഹനം ഓടിയ ദിവസങ്ങളിൽ സർക്കാർ നിശ്ചയിച്ച നിരക്കിലുള്ള ഡ്രൈവറുടെ വേതനം,പാലിയേറ്റീവ് കെയർ ആവശ്യത്തിനായി വാഹനം ഓടിയതിന്റെ ഇന്ധനച്ചെലവ്, വാഹനത്തിന്റെ മെയിന്റനൻസ്/റിപ്പയർ ചെലവുകൾ എന്നിവ എച്ച്.എം.സി അക്കൗണ്ടിലേക്ക് നൽകുകയും ആയതിനു ലഭിക്കുന്ന രസീത്, ലോഗ് ബുക്ക് എന്നിവ ഓഡിറ്റിനു ഹാജരാക്കേണ്ടതുമാണ്.

1-23-1 മരുന്നുകൾ ലഭ്യമാകുവാൻ അവശേഷിക്കുന്നു.

പാലിയേറ്റീവ് പദ്ധതികൾക്കായി In House Drug Bank നു 5,49,999/- രൂപ (3,99,145/- രൂപ ബിൽ നം 11/5.11.2020 ലും 1,50,854/-രൂപ ബിൽ നം 20/18.01.21 ലും) നൽകിയിട്ടുണ്ട്.

എന്നാൽ നാളിതുവരെയായി 3,81,651/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിരിക്കുന്നത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം നം 24 നു മറുപടി ഹാജരാക്കിയിട്ടില്ല.
ലഭിക്കുവാൻ അവശേഷിക്കുന്ന 1,68,348/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 ചെലവ് രേഖകൾ പൂർണ്ണമായും ഹാജരാക്കിയിട്ടില്ല.

ഡയറി ഫാം ഇൻസ്പെക്ടർ നടപ്പിലാക്കിയ പ്രോജക്ട് നം 51 /2020-21 കാലിത്തൊഴുത്ത് നവീകരണവും വളക്കുഴിയും മൂത്രത്തൊട്ടി നിർമ്മാണവും എന്ന പദ്ധതിയിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ ചെലവായ തുകയുടെ ബില്ലുകൾ ഫയലിനൊപ്പം ഹാജരാക്കിയിട്ടില്ല.

1. രാധമ്മ, തിരമാൻകുഴി, ഇടവിളാകത്ത് വീട്, ആര്യനാട്.

2.സുധർമ്മ, സുബീഷ് നിവാസ്, മുക്കാലി, കോട്ടയ്ക്കകം.

3.ഇന്ദിരാദേവി, രാജേഷ് ഭവൻ, ഇടവംകോണം, വിനോബാനികേതൻ.

4.വിജിത, ആശാ നിവാസ്, പാറമുക്ക്, മീനാങ്കൽ.

5.പത്മിനി, സാന്ദ്രാഭവൻ, പന്നിക്കുഴി, മീനാങ്കൽ.

6.അംബിക, സുബിത കോട്ടേജ്, കൊക്കോട്ടേല.

7.ശൈലജ, രുദ്ര ഭവൻ, ആര്യനാട്.

8.ബീന.കെ,അഖിൽ ഭവൻ,കൊക്കോട്ടേല.

9.അമ്പിളി.എസ്, എ.എസ്.ഭവൻ, മഞ്ചാടിനിന്നവിള, പറണ്ടോട്.

10.അസുമാബീവി, സ്റ്റാർ മൻസിൽ, കടുവാക്കുഴി, പള്ളിവേട്ട.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 23 നു മറുപടി ഹാജരാക്കിയിട്ടില്ല.

പദ്ധതി പ്രകാരമുള്ള തുക നിർദ്ദിഷ്ട ആവശ്യത്തിനു തന്നെയാണോ ഉപയോഗിച്ചിരിക്കുന്നതെന്നു ഫയലിൽ നിന്നും വ്യക്തമല്ല.ആയതിനാൽ ഭാവിൽ പ്രോജക്ട് തയ്യാറാക്കി നടപ്പിലാക്കുമ്പോൾ അവശ്യമായ രേഖകൾ ഉള്ളടക്കം ചെയ്യുവാൻ നിർവഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 വയോജനങ്ങൾക്ക് കട്ടിൽ- ജി.എസ്.ടി അടവാക്കിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

1. പ്രോജക്ട് നം.- 278/21(വയോജനങ്ങൾക്ക് കട്ടിൽ(എസ്.സി))
അടങ്കൽ - 261000 (വി.ഫ(എസ്.സി.പി))
ചെലവ് - 259200 (ബിൽ നം.5/04.02.2021- 162000, 9/30.03.2021- 97200)

2. പ്രോജക്ട് നം.- 280/21 (വയോജനങ്ങൾക്ക് കട്ടിൽ(എസ്.റ്റി))

അടങ്കൽ - 78300 (വി.ഫ(ടി.എസി.പി))

ചെലവ് - 78300 (ബിൽ നം. 6/16.03.2021- 48600, 7/30.03.2021- 23078, 11/30.03.2021- 6622)

2020-21 സാമ്പത്തിക വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി നടത്തിയ മേൽ പ്രോജക്ടുകൾ പ്രകാരം ഒളിമ്പ്യ ഇന്റീരിയർ എന്റർപ്രൈസസ് എന്ന സ്ഥാപനത്തെ കട്ടിൽ വിതരണത്തിനായി തെരഞ്ഞെടുത്തിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണം സംബന്ധിച്ച് ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

കട്ടിലിന്റെ നിരക്ക് എല്ലാനികുതികളും ഉൾപ്പെടെ രേഖപ്പെടുത്തിയാൽ മതിയാകുമെന്നും, 18% ജി.എസ്.ടി. പഞ്ചായത്ത് ഈടാക്കുന്നതാണെന്നും നിർദ്ദേശിച്ചാണ് ടെണ്ടർനോട്ടീസ് നൽകിയത്. കുറവ് തുക രേഖപ്പെടുത്തിയ ഒളിമ്പ്യ ഇന്റീരിയർ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും (ഒരു കട്ടിലിന് 2700/- രൂപ) പ്രസ്തുത സ്ഥാപനത്തിൽ നിന്ന് രണ്ട് പ്രോജക്ടുകൾ പ്രകാരം ആകെ 125 കട്ടിലുകൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. ടെണ്ടർ നോട്ടീസിൽ പറഞ്ഞത് പ്രകാരം നികുതി കിഴിക്കാതെയുള്ള ബില്ലാണ് സ്ഥാപനം നൽകിയത്. എന്നാൽ ടെണ്ടർ നോട്ടീസിൽ പറഞ്ഞത് പ്രകരം 18% നികുതി ഈടാക്കാതെ മുഴുവൻതുകയും സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. കൂടാതെ 2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51 പ്രകാരം 2,50,000 രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ടി.ഡി.എസ്. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ടെന്ന നിർദ്ദേശവും പാലിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം.278/21 പ്രകാരം വാങ്ങിയ 96 കട്ടിലുകളുടെ വില(നികുതി ഉൾപ്പെടെ)- | 259200/- |
| പ്രോജക്ട് നം.280/21 പ്രകാരം വാങ്ങിയ 29 കട്ടിലുകളുടെ വില(നികുതി ഉൾപ്പെടെ)- | 78300/- |
| ഒളിമ്പ്യ ഇന്റീരിയർ എന്റർപ്രൈസസിന് നൽകിയ ആകെ തുക- | 337500/- |
| നൽകേണ്ടിയിരുന്ന തുക<br>(18% ജി.എസ്.ടി (60750), 2% ടി.ഡി.എസ് (6750) എന്നിവ കിഴിച്ചുള്ള തുക) | 270000/- |
| അധികം നൽകിയത് - | 67500/- |

ടെണ്ടർ നോട്ടീസിൽ 1.98m നീളവും, 90c.M വീതിയും മുൻകാലിനു 60c.M പിൻകാലിന് 50c.M ഉള്ള ആഞ്ഞിലി മരത്തടിയിൽ പണിത കട്ടിലാകണം വിതരണം ചെയ്യേണ്ടതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കട്ടിലിന്റെ സ്പെസിഫിക്കേഷൻ ബില്ലിൽ സൂചിപ്പിച്ചിട്ടില്ലാത്തതിനാൽ നിശ്ചിത സ്പെസിഫിക്കേഷനിലുള്ള കട്ടിലാണോ വിതരണം ചെയ്തതെന്നതിന് വ്യക്തതയില്ല. ഇത് സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ടും സൂക്ഷിച്ചിട്ടില്ല. കൂടാതെ പ്രോജക്ട് നം.278/21 പ്രകാരമുള്ള 96 ഗുണഭോക്താക്കളിൽ 36 പേർക്ക് മുൻപ് സമാനആനുകൂല്യം പട്ടികജാതിവികസനവകുപ്പിൽ നിന്ന് ലഭ്യമായിട്ടില്ല എന്നത് സംബന്ധിച്ച രേഖകളും സൂക്ഷിച്ചിട്ടില്ല.

അപാകതയ്ക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.6) കരാറുകാരനിൽ നിന്ന് നികുതി ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യാമെന്നും, വരുംകാല പ്രോജക്ടുകളിൽ അപാകത വരാതെ ശ്രദ്ധിക്കുന്നതാണെന്നുമുള്ള മറുപടിയാണ് നൽകിയിട്ടുള്ളത്. കരാറുകാരൻ, ടിയാന്റെ ജി.എസ്.ടി രജിസ്ട്രേഷൻ വിവരങ്ങൾ പരിശോധിക്കേണ്ടതും ജി.എസ്.ടി അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കേണ്ടതും, അല്ലാത്തപക്ഷം ടിയാനിൽ നിന്നും ജി.എസ്.ടി ഈടാക്കി അടവാക്കേണ്ടതുമാണ്.

## 1-26 പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പേ പ്രോജക്ട് റിവൈസ് ചെയ്തിരിക്കുന്നു.

കേരള പി.ഡബ്ല്യൂ.ഡി മാന്വൽ സെക്ഷൻ 1601.1.4 പ്രകാരം ഡിറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നേടിയ ശേഷം പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പായി പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ മാറ്റം വരുകയാണങ്കിൽ റീകാസ്റ്റ് എസ്റ്റിമേറ്റാണ് തയ്യാറാക്കേണ്ടത്.എന്നാൽ ചുവടെ ചേർക്കുന്ന പദ്ധതികൾ ആരംഭിക്കുന്നതിനു മുമ്പേ പ്രോജക്ട് റിവൈസ് ചെയ്തിരിക്കുന്നു.

| പ്രോജക്ട് നം/പേര് | കരാറുകാരന്റെ പേര് | കരാർ തീയതി | പ്രവൃത്തി ആരംഭിച്ച തീയതി | പ്രോജക്ട് റിവൈസ് ചെയ്ത കമമിറ്റി തീരുമാന തീയതി |
|---|---|---|---|---|
| 177/21<br>ഹൗസിംഗ് ബോർഡ് അംഗനവാടി അറ്റകുറ്റ പണി | ശ്രീകുമാർ.എസ് | 19.10.2020 | 27.10.2020 | 25.08.2020 |
| 163/21<br>കൊക്കോട്ടേല സബ്സെന്റർ ശൗചാലയം | ദിലീപ് കുമാർ | 21.10.2020 | 21.10.2020 | 25.08.2020 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 9/21 നുള്ള മറുപടിയിൽ മുൻ ഭരണസമിതിയുടെ സമയത്താണ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയതെന്നും, അതിനു ശേഷം ഗുണഭോക്താക്കളുടെയും പൊതുജനങ്ങളുടെയും ആവശ്യപ്രകാരം ഭേദഗതി വരുത്തുകയുമാണുണ്ടായതെന്നും അറിയിച്ചിരിക്കുന്നു.

എന്നാൽ പദ്ധതി ആരംഭിക്കുന്നതിനു മുമ്പേ മാറ്റങ്ങൾ വരുത്തുന്നതിനായി പ്രസതുത പ്രോജക്ട് ക്യാൻസൽ ചെയ്തു റികാസ്റ്റ് എസ്റ്റിമേറ്റാണ് തയ്യാറാക്കേണ്ടത്. പ്രസ്തുത അപാകങ്ങൾ ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 കരാർ ചമയ്ക്കുന്നതിൽ കാലതമസത്തിനു പിഴ ഈടാക്കിയില്ല.

PWD Manual ഖ 2009-6 പ്രകാരം സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത തീയതി കൈപ്പറ്റിയ തീയതിയായി കണക്കാക്കുന്നതാണെന്ന് നിഷ്കർശിച്ചിട്ടുണ്ട്.സ്ഥാപനത്തിൽ നിന്നും സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസം വരെ പിഴകൂടാതെ കരാർ വയ്ക്കാനുള്ള കാലാവധിയാണെന്നും .പത്തു ദിവസം കൂടി കഴിഞ്ഞാൽ കരാർ തുകയുടെ 1% പിഴ ചുമത്തി കരാർ ഉടമ്പടി വയ്ക്കാമെന്നിരിക്കെ അത്തരത്തിൽ പിഴ ചുമത്തിയതായി ഫയൽ പരിശോധനയിൽ കാണുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം/ പ്രവൃത്തിയുടെ പേര് | കോൺട്രാക്ടറുടെ പേര് | കരാർ തുക (M Book No) | സെലക്ഷൻ നോട്ടീസ് അയച്ച തീയതി | കരാറിൽ ഏർപ്പെട്ട തീയതി |
|---|---|---|---|---|
| 243/21 ഹോമിയോ ആശുപത്രി നടപ്പാത കോൺക്രീറ്റ് | എസ്.എ.ഫാറൂക്ക് | 231892.75 (397/20-21) | 5.12.2019 | 1.01.2020 |
| 242/21 ചേരപ്പള്ളി RC ചർച്ച് റോഡ് കോൺക്രീറ്റ് | എസ്.എ.ഫാറൂക്ക് | 230518.82 (396/20-21) | 5.12.2019 | 1.01.2020 |
| 97/21 വലിയകുളം ഇടത്തറ നടപ്പാത കോൺക്രീറ്റ് | മോനിച്ചൻ.വി | 224279 (386/20-21) | 5.12.2019 | 1.01.2020 |
| 191/21 അണയ്ക്കര കടലിഭാഗം നടപ്പാത കോൺക്രീറ്റ് | വിനുകുമാർ.വി | 197626 (299/20-21) | 2.11.2019 | 19.11.2019 |
| 121/21 മുള്ളൻകല്ല് നടപ്പാത കോൺക്രീറ്റ് | മോനിച്ചൻ.വി | 151845/- (385/20-21) | 5.12.2019 | 1.01.2020 |

മേൽ പ്രവൃത്തികൾക്ക് കരാർ ഏർപ്പെടുന്നതിൽ വീഴച്ച വരുത്തിയതിനു പിഴ ഈടാക്കാത്തതു സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറി നം 8 നുള്ള മറുപടിയിൽ കോവിഡ് വ്യാപനവും അതിനെ തുടർന്നുണ്ടായ ലോക്ക് ഡൗണുകളും കാരണം കരാറുകാരനു യഥാസമയം സ്റ്റാമ്പ് പേപ്പർ, സെക്യൂരിറ്റി എന്നിവ ലഭ്യമാകാത്തതിനാലും കരാറിൽ ഏർപ്പെടുവാൻ കഴിഞ്ഞില്ലായെന്നും അറിയിച്ചിട്ടുണ്ട്.

3/2020 ലാണ് കേരളത്തിൽ ലോക്ക്ഡൗൺ നിലവിൽ വന്നത്. അതിനാൽ മറുപടി സാധൂകരിക്കത്തക്കതല്ല. മരണപ്പെട്ട മോനിച്ചൻ.വി എന്ന കോൺട്രാക്ടർ ഒഴികെ ബാക്കിയുള്ളവർ പിഴ അടയ്ക്കാൻ ബാദ്ധ്യസ്ഥരായിരുന്നു. ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

## 1-28 സ്പ്പിൽ ഓവർ പദ്ധതികൾ നടപ്പിലാക്കിയില്ല

16-11-2013 ലെ സർക്കാർ ഉത്തരവ് നമ്പർ 362/2013/ത.സ്വ.ഭ.വ ഖണ്ഡിക 11.3 Xii (ഇ)യിലും 29-3-2017 ലെ 72/2017/തസ്വഭവ നമ്പരിലുള്ള പദ്ധതി മാർഗനിർദ്ദേശത്തിലും സ്പിൽ ഓവർ പദ്ധതികൾ സ്പിൽ ഓവറായ വർഷം തന്നെ പൂർത്തീകരിയ്ക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. മാത്രമല്ല വാർഷിക പദ്ധതി തയ്യാറാക്കുമ്പോൾ സ്പിൽ ഓവറായി തുടരേണ്ടുന്ന പദ്ധതികളെക്കുറിച്ച് തീരുമാനം എടുക്കുകയും അതിനെ വാർഷിക പദ്ധതിയുടെ ഭാഗമാക്കി മാറ്റേണ്ടതുമാണ്.

എന്നാൽ ചുവടെ ചേർക്കുന്ന സ്പ്പിൽ ഓവർ പദ്ധതികൾ പൂർത്തിയാകിയിട്ടില്ല.ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം 1/2021 നുള്ള മറുപടി സഹിതം ഉൾപ്പെടുത്തുന്നു.

| ക്രമ നം | പ്രോജക്റ്റ് നം | പദ്ധതിയുടെ പേര് | അടങ്കൽ | മറുപടി |
|---|---|---|---|---|
| 3 | 285/20 | പഴയ തെരുവ് സ്കൂൾ മെയിന്റനൻസ്-രണ്ടാം ഘട്ടം | 400000/- | മെയിന്റനൻസ് ആവശ്യമില്ല.<br>പുതിയ കെട്ടിടം മതിയെന്ന പി.റ്റി.എ അറിയിച്ചു.<br>മെയിന്റനൻസ് ഫണ്ടുപയോഗിച്ച് പുതിയ കെട്ടിടം പണിയുവാൻ കഴിയില്ലാത്തിനാൽ ഭരണസമിതിയെ അറിയിച്ചെങ്കിലും യാതൊരു വിധ തീരുമാനവും കൈകൊണ്ടില്ല. |
| 4 | 291/20 | കൊക്കോട്ടേല NSS UPS ന ടോയിലറ്റ് സമുച്ചയം | 180000/- | യഥാ സമയം കരാർ വയ്ക്കാത്തതിനാൽ പ്രവൃത്തി പൂർത്തികരിച്ചില്ല. |
| 5 | 292/20 | മാങ്കോട് അംഗൻവാടി ടോയിലറ്റ് നിർമ്മാണം | 20000/- | യഥാ സമയം കരാർ വയ്ക്കാത്തതിനാൽ പ്രവൃത്തി പൂർത്തികരിച്ചില്ല. |
| 6 | 293/20 | ബൗണ്ടർമുക്ക് അംഗൻവാടി ടോയിലറ്റ് നിർമ്മാണം | 20000/- | യഥാ സമയം കരാർ വയ്ക്കാത്തതിനാൽ പ്രവൃത്തി പൂർത്തികരിച്ചില്ല. |
| 7 | 297/20 | കോവിൽവിള മേലാംക്കോട് ക്ഷേത്രം റീടാറിംങ്ങ് | 600000/- | പ്രവൃത്തി കരാർ എടുക്കുവാൻ ആളില്ല. |
| 8 | 302/20 | ഹോമിയോ ആശുപത്രി മെയിന്റനൻസ് | 30000/- | യഥാ സമയം കരാർ വയ്ക്കാത്തതിനാൽ പ്രവൃത്തി പൂർത്തികരിച്ചില്ല. |
| 9 | 305/20 | ചെറിയാര്യനാട് അംഗൻവാടി കിണർ നിർമ്മാണവും പമ്പ് സെറ്റ് സ്ഥാപിക്കലും | 100000/- | യഥാ സമയം കരാർ വയ്ക്കാത്തതിനാൽ പ്രവൃത്തി പൂർത്തികരിച്ചില്ല. |
| 10 | 307/20 | പുറുത്തിപ്പാറ അംഗൻവാടി പുനരുദ്ധാരണം | 100000/- | കോവിഡ് വ്യാപനവും, കൺണ്ടെയിന്മെന്റ് സോൺ എന്നിവ കാരണം പ്രവൃത്തി പൂർത്തികരിച്ചില്ല. |

## 1-29 തെരുവുവിളക്ക് സ്ഥാപിക്കൽപദ്ധതി - അപാകതകൾ.

| പദ്ധതിയുടെ പേര് | തെരുവുവിളക്ക് സ്ഥാപിക്കൽ |
|---|---|
| പ്രോജക്റ്റ് നം. | 207/20-21. |
| അടങ്കൽ | 2105000(CFC)<br>2895000(തനതുഫണ്ട്)<br>(5000000) |
| ചെലവ്. | 2102500(CFC)<br>2880750(തനതുഫണ്ട്)<br>(4983250) |
| ബിൽ നം./തീയതി | 8/20-21/ 12.05.20. |
| നിർവ്വഹണം. | സെക്രട്ടറി. |

തെരുവുവിളക്കു സ്ഥാപിക്കൽ പദ്ധതി സംബന്ധിച്ച് കാണപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

പദ്ധതിപ്രകാരം വാങ്ങിയ തെരുവുവിളക്കുകളുടെ എണ്ണം, സ്ഥാപിച്ച തെരുവുവിളക്കുകളുടെ എണ്ണം എന്നിവയുടെ വിവരം രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിട്ടിയില്ല. കെ.എസ്.ഇ.ബി യുമായി സംയുക്തപരിശോധന നടത്തി തയ്യാറാക്കിയ തെരുവുവിളക്കുകളുടെ സ്ഥിതിവിവരക്കണക്കുകൾ രേഖപ്പെടുത്തിയ രജിസ്റ്റർ, പ്രവൃത്തിയുടെ മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവയും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 30.07.21 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 25 ന് മറുപടി ലഭ്യമാക്കിയില്ല. തെരുവുവിളക്കുകൾ സംബന്ധിച്ച് മേൽ സൂചിപ്പിച്ച രജിസ്റ്ററുകൾ കാലികമാക്കി പരിശോധനയ്ക്ക ഹാജരാക്കേണ്ടതാണ്.

## 1-30 സ്കൂൾ കുട്ടികൾക്ക് കരാട്ടെ പരിശീലനം

പദ്ധതി നമ്പർ: 270/2021

പദ്ധതിയുടെ പേര് : സ്കൂൾ കുട്ടികൾക്ക് കരാട്ടെ പരിശീലനം

അടങ്കൽ തുക: 50,000/-

ചെലവഴിച്ച തുക: 50,000/-

പ്രസ്തുത പ്രോജക്ടിന്റെ നടത്തിപ്പിൽ താഴെപറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ കണ്ടു.

1. കരാട്ടെ പരിശീലകന്റെ ഹാജർ സ്കൂളുകളിൽ സൂക്ഷിക്കുന്നില്ല. ഓഡിറ്റ് അന്വേഷണത്തിന് (നം.05/2021,14.07.2021) മറുപടിയായി ഹാജരാക്കിയ ജി.എൽ.പി.എസ്.പറണ്ടോട് സ്കൂളിലെ ഹാജർ പുസ്തകത്തിൽ പരിശീലകൻ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. കരാട്ടെ പരിശീലകന്റെ ഹാജർ സംബന്ധിക്കുന്ന രേഖകൾ നിർവ്വഹണോദ്യോഗസ്ഥൻ സൂക്ഷിക്കേണ്ടതായിരുന്നു.

2. പദ്ധതി ഫലപ്രദമായി നടപ്പാക്കിയോ എന്ന് പരിശോധിക്കുന്നതിന് വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയില്ല.

## 1-31 പാലൈക്കോണം പട്ടികജാതിക്കോളനിയിൽ പൈപ്പ് ലൈൻ നീട്ടൽ -- അപാകങ്ങൾ.

| | |
|---|---|
| പദ്ധതിയുടെ പേര് | പാലൈക്കോണം പട്ടികജാതിക്കോളനിയിൽ പൈപ്പ് ലൈൻ നീട്ടൽ |
| പദ്ധതി നമ്പർ. | 46/20-21. |
| അടങ്കൽ | 100000 (വികസനഫണ്ട്-SCP) |
| ചെലവ്. | 97000 രൂപ. |
| ബിൽനം/തീയതി. | 39/ 5.11.20 |
| ഓഡിറ്റ് എൻക്വയറി. | 19/30.07.21. |
| നിർവ്വഹണം. | സെക്രട്ടറി. |

മേൽ പദ്ധതി പ്രകാരം പാലൈക്കോണം പട്ടികജാതിക്കോളനിയിൽ പൈപ്പ് ലൈൻ നീട്ടുന്നതിനായി ബിൽനം. 39/ 5.11.20 പ്രകാരം 97000/- രൂപ പിൻവലിച്ച് വാട്ടർ അതോറിട്ടിയുടെ 57047027629 എന്ന അക്കൌണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്. ടി പദ്ധതിനടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

ടി പദ്ധതി നടത്തിപ്പ് സംബന്ധിച്ച് പഞ്ചായത്ത് വാട്ടർ അതോറിട്ടിയുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രവൃത്തിയുടെ പൂർത്തീകരണസർട്ടിഫിക്കറ്റ്, വാട്ടർ അതോറിട്ടിയിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള ചെലവുകളുടെ വിനിയോഗവിവരം, ഫൈനൽബില്ലിന്റെ പകർപ്പ്, മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രോജക്ട് രേഖകൾ കൂടാതെ സൈറ്റ് പ്ലാൻ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പ്രസ്തുത രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.മേൽ സൂചിപ്പിച്ച രേഖകളുടെ അടിസ്ഥാനത്തിൽ മാത്രമേ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ എന്നുറപ്പാക്കുവാൻ സാധിക്കൂ. ടി പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് ഉറപ്പാക്കാൻ സാധിച്ചിട്ടില്ലാത്ത സാഹചര്യമാണ് ഉള്ളത്.

## 1-32 എസ്.എസ്.എ.വിഹിതം നൽകൽ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.--600000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 1/20-21 |
| പ്രോജക്ടിന്റെ പേര്. | എസ്.എസ്.എ വിഹിതം നൽകൽ. |
| നിർവ്വഹണഉദ്യോഗസ്ഥൻ | സെക്രട്ടറി. |
| അടങ്കൽ | 600000(വികസനഫണ്ട്.) |
| ചെലവ് | 600000.(വികസനഫണ്ട്.) |
| ബിൽ നം. /തീയതി. | 11/ 20-21/25.05.20. |

നെടുമങ്ങാട് ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെ 13.05.20-ലെ പ്രപ്പോസൽ പ്രകാരം 2019-20 സാമ്പത്തിക വർഷത്തെ എസ്.എസ്.എ വിഹിതം ഇനത്തിൽ 600000/- രൂപ ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെ കാനറാ ബാങ്കിന്റെ 0819101103660 എന്ന അക്കൌണ്ട് നമ്പറിലേയ്ക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിശദമായ വിനിയോഗസാക്ഷ്യപത്രം, മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി.18 /29.07.21 ന ലഭ്യമാക്കിയ മറുപടിയിൽ ടി വിവരം സംബന്ധിച്ച രേഖപ്പെടുത്തലുകളൊന്നും നടത്തിയിട്ടില്ല.വിശദമായ വിനിയോഗസാക്ഷ്യപത്രം, മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കുന്നതു വരെ 600000 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. സ.ഉ.(കൈ) നം. 11/2018/ ത.സ്വ.ഭ.വ 29.01.18 നം.പദ്ധതി മാർഗ്ഗരേഖ പ്രകാരം പ്രസ്തുത പദ്ധതികൾ വഴി അടവാക്കുന്ന തുക പൂർണ്ണമായും വിദ്യാഭ്യാസസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നുണ്ടെന്ന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.പ്രസ്തുത തുക ഉപയോഗിച്ച് നടത്തുന്ന എല്ലാ പ്രവർത്തനങ്ങളുടേയും മോണിട്ടറിംഗ് കൃത്യമായി നടത്തേണ്ടതാണ്. എസ്.എസ്.എ.വിഹിതം 60000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-33 ഐ.കെ.എം. വിഹിതം നൽകൽ. -- വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| പദ്ധതിയുടെ പേര് | ഐ.കെ.എം. വിഹിതം നൽകൽ. |
| പദ്ധതി നമ്പർ. | 4/20-21. |
| | |

| | |
|---|---|
| അടങ്കൽ | 45224 (വികസനഫണ്ട്) |
| ചെലവ്. | 45224 രൂപ. |
| ബിൽനം/തീയതി. | 7/12.05.20 |
| ഓഡിറ്റ് എൻക്വയറി. | 20/30.07.21. |
| നിർവ്വഹണം. | സെക്രട്ടറി. |

പദ്ധതിനടത്തിപ്പിനായി ബിൽ നം. 7/12.05.20 പ്രകാരം 45224/-രൂപ പിൻവലിച്ച് ഇൻഫർമേഷൻ കേരളമിഷന് നൽകിയിട്ടുണ്ട്. ഐ.കെ.എം -ന്റെ കൈപ്പറ്റരസീത് ഹാജരാക്കിയിട്ടുണ്ടെങ്കിലും തുകയുടെ വിനിയോഗരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ടി.വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നമുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി ഹാജരാക്കിയിട്ടുണ്ട്. തുകയുടെ വിശദമായ വിനിയോഗരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-34 വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു.

വികസനഫണ്ടുപയോഗിച്ച് താഴെ പറയുന്ന പദ്ധതികൾ പ്രകാരം വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.പുറത്തിപ്പാറ സാംസ്കാരികനിലയം-ഭൗതികസാഹചര്യം മെച്ചപ്പെടുത്തൽ.

| | |
|---|---|
| പ്രോജക്ട് നം. | 44/20-21 |
| പ്രോജക്ടിന്റെ പേര്. | പുറത്തിപ്പാറ സാംസ്കാരികനിലയം-ഭൗതികസാഹചര്യം മെച്ചപ്പെടുത്തൽ |
| നിർവ്വഹണഉദ്യോഗസ്ഥൻ | സെക്രട്ടറി. |
| അടങ്കൽ | 200000(വികസന ഫണ്ട്-എസ്.സി.പി.) |
| ചെലവ് | 200000 |
| ബിൽ നം. /തീയതി. | 1. 13/20-21/5.06.20. |
| ഓഡിറ്റ് എൻക്വയറി.നം/ തീയതി. | 25/ 30.07.21. |

പ്രോജക്ട് നം. 44/2020-21 പ്രകാരം പുറത്തിപ്പാറ സാംസ്കാരികനിലയം- ഭൗതികസാഹചര്യം മെച്ചപ്പെടുത്തൽ പ്രവർത്തനങ്ങൾക്കുവേണ്ടി വാങ്ങിയ ഉപകരണങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം.--96141 രൂപ. (ബിൽനം.13/5.6.20.)

2. ഡെസ്ക് ടോപ്പ്. --32875രൂപ. (ബിൽനം.16/24.6.20.)

3. പ്രിന്റർ. --16141രൂപ

4. സ്റ്റീൽ ക്യാബിനെറ്റ് വിത്ത് ഗ്ലാസ്സ് ഡോർ--13773 രൂപ

5.പുസ്തകങ്ങൾ. -- 40799 രൂപ

പ്രസ്തുത സ്ഥാപനം ടി ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ടി വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല.ആയതിനാൽ ഇവ സ്റ്റോക്കിലെടുത്ത രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ടി പദ്ധതിക്കായി നടത്തിയ 200000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2)കീഴ്ത്താലൂർ കമ്മ്യൂണിറ്റി ഹാളിന് മൈക്ക് സെറ്റും ഫർണിച്ചറും വാങ്ങി നൽകൽ.

| | |
|---|---|
| പ്രോജക്ട്.നമ്പർ | 43/20-21. |
| പദ്ധതിയുടെ പേര്. | കീഴ്ത്താലൂർ കമ്മ്യൂണിറ്റി ഹാളിന് മൈക്ക് സെറ്റും ഫർണിച്ചറും വാങ്ങി നൽകൽ |
| നിർവ്വഹണഉദ്യോഗസ്ഥൻ. | സെക്രട്ടറി. |
| അടങ്കൽ | 300000/- രൂപ. |

| | |
|---|---|
| ചെലവ് | 299974. |
| ബിൽ നം. /തീയതി. | 30/8.09.20. |
| ഓഡിറ്റ് എൻക്വയറി.നം/ തീയതി. | 25/ 30.07.21. |

പദ്ധതി പ്രകാരം കീഴ്പാലൂർ കമ്മ്യൂണിറ്റി ഹാളിന് മൈക്ക് സെറ്റും വിവിധ ഫർണിച്ചറുകളും വാങ്ങി നൽകിയിട്ടുണ്ട്. ആയവ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ആയതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. പ്രസ്തുത ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ടി പദ്ധതിക്കായി നടത്തിയ 299974/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-35 വനിതകൾക്ക് യോഗ പരിശീലനം-- പദ്ധതി നടത്തിപ്പിലെ അപാകതകൾ. 49995/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം. | 160 /20-21 |
| പ്രോജക്റ്റിന്റെ പേര്. | വനിതകൾക്ക് യോഗ പരിശീലനം- |
| നിർവ്വഹണഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| അടങ്കൽ | 50000(വികസനഫണ്ട്.) |
| ചെലവ് | 49995.(വികസനഫണ്ട്.) |
| ബിൽ നം. /തീയതി. | |
| ഓഡിറ്റ് എൻക്വയറി നം/തീയതി. | 12/28.07.21. |

പ്രോജക്റ്റ് നം. 160/20-21 പ്രകാരം വനിതകൾക്ക് യോഗപരിശീലനം പദ്ധതി നടത്തിപ്പിനുവേണ്ടി വികസനഫണ്ടിൽ നിന്നും 49995 രൂപ ചെലവഴിച്ചിട്ടുണ്ട്. ഏതൊക്കെ സെന്ററുകളിലാണ് യോഗപരിശീലനം നടത്തിയത് എന്നു വ്യക്തമല്ല. പരിശീലനം നടത്തുന്നതിനു മുൻപ് തെരഞ്ഞെടുത്തിട്ടുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് ഹാജരാക്കിയിട്ടുണ്ടെങ്കിലും യഥാർത്ഥത്തിൽ പരിശീലനപരിപാടിയിൽ പങ്കെടുത്ത വനിതകളുടെ ഹാജർവിവരങ്ങൾ, ഗുണഭോക്താക്കൾക്ക് പരിശീലനത്തിനുശേഷം സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തിരുന്നോ എന്ന വിവരം, പരിശീലനാർത്ഥികൾക്ക് യോഗമാറ്റുകൾ വിതരണം ചെയ്തിരുന്നോയെന്നും പ്രോജക്റ്റ് രേഖകൾ പ്രകാരം പരിശീലനത്തിനുശേഷം അവ പഞ്ചായത്തിൽ തിരികെ ഏൽപ്പിച്ചോയെന്നുമുള്ള വിവരങ്ങൾ എന്നിവ നൽകിയിട്ടില്ല. വിതരണം ചെയ്ത സർട്ടിഫിക്കറ്റിന്റെ പകർപ്പുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പദ്ധതിനടത്തിപ്പ് സംബന്ധിച്ച് മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. ടി.വിവരങ്ങൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ടി. വിവരങ്ങൾ ലഭ്യമാക്കുന്നതുവരെ പ്രസ്തുത പദ്ധതിക്കായി നടത്തിയ 49995/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-36 കെട്ടിട നികുതിയിനത്തിൽ വൻ തുക കുടിശ്ശിക നിലനിൽക്കുന്നു.

ആര്യനാട് ഗ്രാമപഞ്ചായത്തിൽ കെട്ടിട നികുതി ഇനത്തിൽ 10,38,977/- രൂപയുടെ കുടിശ്ശിക ഉണ്ട്. പഞ്ചായത്തിലെ കെട്ടിട കുടിശ്ശികകളുടെ വിവരങ്ങൾ വാർഡ് തിരിച്ച് ചുവടെ ചേർക്കുന്നു.കെട്ടിട നികുതി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ത്വരിത ഗതിയിൽ സ്വീകരിക്കേണ്ടതാണ്.

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | കുടിശ്ശിക തുക |
|---|---|---|
| വാർഡ് 1 കീഴ്പാലൂർ | 23 | 11,984/- |
| വാർഡ് 2 മീനാങ്കൽ | 35 | 22,320/- |
| വാർഡ് 3 തേവിയാരുകുന്ന് | 12 | 8,710/- |
| വാർഡ് 4 പൊട്ടൻചിറ | 28 | 41,107/- |
| വാർഡ് 5 ഇഞ്ചപ്പുരി | 10 | 13,086/- |
| വാർഡ് 7 പാലൈക്കോണം | 146 | 2,53,177/- |
| വാർഡ് 9 പള്ളിവേട്ട | 49 | 23,697/- |
| വാർഡ് 10 കാഞ്ഞിരംമൂട് | 71 | 74,398/- |
| വാർഡ് 11 കാനക്കുഴി | 58 | 88,732/- |
| വാർഡ് 13 ആര്യനാട് ടൗൺ | 147 | 2,13,693/- |
| വാർഡ് 14 കോട്ടക്കോണം | 93 | 64,240/- |
| വാർഡ് 15 ഇരവൂർ | 59 | 34,699/ - |
| വാർഡ് 16 | 52 | 71,577/ - |
| | | |

| | | |
|---|---|---|
| വാർഡ് 17 പറണ്ടോട് | 137 | 1,17,557/ - |

കുടിശ്ശിക തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 വാറ്റ് ഇനത്തിൽ കുറവ് ചെയ്യേണ്ട തുക കുറവ് ചെയ്യാതെ തുക അനുവദിച്ചതിലൂടെ കൺവീനർക്ക് അധിക ആനുകൂല്യം നല്കി-നഷ്ടം 9348/-രൂപ.

സർക്കാർ ഉത്തരവ് (പി)നം30/2016ധന. തീയതി 29/02/2016 പ്രകാരം ഗുണഭോക്തൃസമിതി നിർവഹിക്കുന്ന മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ 7.5% ഓവർഹെഡ് ചാർജ് അനുവദിക്കാമെന്നും എന്നാൽ വർക്ക്ബില്ലുകളിൽ നിന്നും ഈടാക്കുന്ന അനുവദനീയമായ നികുതികൾ ഗുണഭോക്തൃസമിതി തന്നെ വഹിക്കണമെന്നും വ്യക്തമാക്കുന്നുണ്ട്.

മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ 7.5% ഓവർഹെഡ് ചാർജ് കൂടെ ഉൾപ്പെട്ട നിരക്കാണ് PRICE Software ൽ വിഭാവനം ചെയ്യിരിക്കുന്നത്.ഈ സമയത്ത് 5% VAT ആണ് നിലവിലുണ്ടായിരുന്നത്.01.01.2017മുതൽ VAT പകരം GST വന്നതിനാൽ 5% VAT ഒടുക്കേണ്ടതില്ല. ആയതിനാൽ VAT നിലവിലില്ലാത്ത സാഹചര്യത്തിലും കൺവീനർമാർ ജി.എസ്.റ്റി.ഒടുക്കുക വരുത്താത്ത സാഹചര്യത്തിലും 5% തുക കുറവ് ചെയ്ത് ബില്ല് നൽകിയാൽ മതിയാവുന്നതാണെന്നും ഉത്തരവ് നം ഡിബി 9058/17സി.ഇ/ത.സ്വ.ഭ.വ.തീയതി16.03.2018 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്ത് നിർവഹിച്ച ചുവടെ ചേർക്കുന്ന പ്രവൃത്തികളിൽ ആകെ പ്രവൃത്തിമൂല്യത്തിൽ നിന്നും 5% തുക കുറവ് ചെയ്തതായി കാണുന്നില്ല.അതുവഴി കൺവീനർക്ക് അധിക തുക നൽകാൻ ഇടവന്നു.

1.

| | |
|---|---|
| പ്രോജക്റ്റ് നം | 288/2021 |
| പ്രവൃത്തിയുടെ പേര് | ഉമ്പുംകോണം അംഗൻവാടി അറ്റകുറ്റപണി |
| അടങ്കൽ | 100000 |
| ചെലവ് | 90581/- |
| നിർവഹണം | അസിസ്റ്റന്റ്എഞ്ചിനീയർ. |
| കൺവീനർ | ശ്രീമതി.ശ്രീകല |
| ബിൽ നം | 67/2020-21.തീ.28.03.2021 |
| എം.ബുക്ക് നമ്പർ | 401/19-20 |
| ഈടാക്കേണ്ടിയിരുന്ന തുക 5% Of 90581 | 4530/- |

2.

| | |
|---|---|
| പ്രോജക്റ്റ് നം | 190/2021 |
| പ്രവൃത്തിയുടെ പേര് | നിർമ്മിതി അംഗൻവാടി അറ്റകുറ്റപണി |
| അടങ്കൽ | 200000 |
| ചെലവ് | 96354/- |
| നിർവഹണം | അസിസ്റ്റന്റ്എഞ്ചിനീയർ. |
| കൺവീനർ | ശ്രീമതി.ഓമന |
| ബിൽ നം | 05/2020-21.തീ.24.04.2020 |
| | |

| | |
|---|---|
| എം.ബുക്ക് നമ്പർ | 391/19-20 |
| ഈടാക്കേണ്ടിയിരുന്ന തുക 5% Of 96354/- | 4818/- |

ടി അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.27/2021 നുള്ള മറുപടിയിൽ VAT ന പകരം GST ഈടാക്കണമെന്ന ഉത്തരവിനെക്കുറിച്ച് അറിവില്ലാത്തതിനാലാണ് പ്രസ്തുത തുക ഈടാക്കാത്തതെന്ന അറിയിച്ചിരിക്കുന്നു. ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്. നഷ്ടത്തുക ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## ഭാഗം -4

### 4-1 സാമ്പത്തികനില

| | |
|---|---|
| മുന്നിരിപ്പ് | 41680126 |
| വരവ് | 115813897 |
| ആകെ | 157494023 |
| ചെലവ് | 131210783 |
| നീക്കിയിരിപ്പ് | 26283240 |
| വരവിനങ്ങളിലെ നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ട്ടം/ഓഡിറ്റിൽ നിരാകരിച്ച തുക | 9348 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 742224 |

### 4-2 സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

(സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്/ചെലവാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ).

| വിഹിതം നൽകിയ സ്ഥാപനം | | തുക ലഭിച്ച വർഷം | പദ്ധതിയുടെ പേര് | ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1287757 | 2020-21 | സ്നേഹസ്പർശനം | 278250 | 278250 | |
| | | | ക്ഷീരസമൃതി | 132165 | 132165 | |
| | | | ലൈഫ് ഭവനം | 760000 | 760000 | |
| | | | ലൈഫ് ഭവനം(SO) | 460000 | 460000 | |
| | | | വിശപ്പ് രഹിത ആര്യനാട് ഗ്രാമപഞ്ചായത്ത് | 0 | 0 | |
| | | | ഈഞ്ചപ്പുരി നഴ്സറി സ്കൂളിന വസ്തുവാങ്ങൽ | 0 | 0 | |
| | | | പുനരുദ്ധാരണം ചെയ്യേണ്ട ലക്ഷംവീട് പുനരുദ്ധാരണം | 0 | 0 | |
| | | | വയോക്ലബുകൾ-അടിസ്ഥാനസൌകര്യമൊരുക്കൽ | 0 | 0 | |
| | ആകെ | | | 1630415 (*1) | 1630415 (*1) | 1287757 (*2) |
| ജില്ലാ പഞ്ചായത്ത് | 1497636 | 2020-21 | സ്നേഹസ്പർശനം | 278250 | 278250 | |
| | | | ക്ഷീരസമൃതി | 237243 | 237243 | |
| | | | ലൈഫ് ഭവനം | 720000 | 720000 | |
| | | | ലൈഫ് ഭവനം (SCP) | 0 | 0 | |
| | | | വിശപ്പ് രഹിത ആര്യനാട് ഗ്രാമപഞ്ചായത്ത് | 0 | 0 | |
| | | | ഹരിതഭവനം | 105000 | 105000 | |
| | | | പുനരുദ്ധാരണം ചെയ്യേണ്ട ലക്ഷംവീട് പുനരുദ്ധാരണം | 0 | 0 | |

| | | | | | | |
|---|---|---|---|---|---|---|
| | | | വയോക്ലബുകൾ- അടിസ്ഥാന സൌകര്യമൊരുക്കൽ | 0 | 0 | |
| | | | ആകെ | 1340493 | 1340493 | 1497636 |

(*1) വാർഷികധനകാര്യപത്രിക പ്രകാരമുള്ള വരവ്- 1574710/- രൂപയാണ്.

(*2) വാർഷികധനകാര്യപത്രിക പ്രകാരമുള്ള നീക്കിയിരിപ്പ്- 1127757/- രൂപയാണ്.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | മുൻ ബാക്കി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് | നീക്കിയിരിപ്പ് തുക |
|---|---|---|---|---|---|---|---|
| | | 2020-21 | | | | | |
| കേരള വാട്ടർ അതോറിറ്റി | 1034500 | | 323800 (*1) | - | 383200 | - | 1417700 |
| കെ.എസ്.ഇ.ബി | 5281484 | - | - | - | - | - | 5281484 |

(*1)- എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം 46/21 പാലൈക്കോണം പട്ടികജാതികോളനിയിൽ പൈപ്പ് ലൈൻ നീട്ടൽ എന്ന പ്രവൃത്തിക്ക് നൽകിയ തുക 97000/- രൂപയാണ്

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-5 വായ്പ വായ് തിരിച്ചടവ്

| വായ്പ വിവരം | ഉത്തരവ്/ നമ്പർ/ തീയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം അടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC ലോൺ | | 13740000 | 54638242 | 8260000 | 61224012 (*) |

(*)- മുന്നിരിപ്പ്, വായ്പ എടുത്തത്, തിരിച്ചടവ് എന്നിവ കണക്കാക്കുമ്പോൾ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക- 60118242/- രൂപയാണ് വരേണ്ടത്. എന്നാൽ 1105770/- രൂപ അധികബാധ്യതയായി കാണിച്ചിരിക്കുന്നു.

വായ്പ സംബന്ധിച്ചുള്ള അപാകതകൾ ഖണ്ഡിക 1-2 ലെ ഉപഖണ്ഡിക 14, 15 എന്നിവയിൽ പരാമർശിച്ചിട്ടുണ്ട്

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 11,58,13,897 |
| | |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 1,32,10,783 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 9,348 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6,45,224 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 9,348 | അസി.എഞ്ചിനീയർ<br>ശ്രീമതി.രാമസുധ<br>സോപാനം, പാളയം ജംഗ്ഷൻ<br>നെടുമങ്ങാട്.പി.ഒ |

(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-32 | 6,00,000 | സെക്രട്ടറി<br>ശ്രീ.സുധീരൻ.എം.എസ്<br>മൈഥിലി ഭവൻ<br>KOURA,294 D, ചിറ്റാറ്റിൻകര,<br>വട്ടിയൂർക്കാവ്.പി.ഒ 695013 |
| 1-33 | 45,224 | സെക്രട്ടറി<br>ശ്രീ.സുധീരൻ.എം.എസ്<br>മൈഥിലി ഭവൻ<br>KOURA,294 D, ചിറ്റാറ്റിൻകര,<br>വട്ടിയൂർക്കാവ്.പി.ഒ 695013 |

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1. | ശ്രീ.സുധീരൻ.എം.എസ്<br>സെക്രട്ടറി | ലഭ്യമല്ല | മൈഥിലി ഭവൻ<br>KOURA,294 D,<br>ചിറ്റാറ്റിൻകര,<br>വട്ടിയൂർക്കാവ്.പി.ഒ<br>695013 |
| 2 | ശ്രീമതി.മേബിൾ ഷീല.ജി<br>സെക്രട്ടറി | സെക്രട്ടറി<br>ആര്യനാട് ഗ്രാമപഞ്ചായത്ത് | നെറ്റോണി,<br>എൻ.എൻ-65<br>നീതി നഗർ<br>പേരൂർക്കട.പി.ഒ 695005 |
| 3 | അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ | സോപാനം, പാളയം |

| | | |
|---|---|---|
| ശ്രീമതി.രാമസുധ | ആര്യനാട് ഗ്രാമപഞ്ചായത്ത് | ജംഗ്ഷൻ<br>നെടുമങ്ങാട്.പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം, ഖണ്ഡിക നമ്പർ | റിമാർക്ക്സ് |
|---|---|---|---|
| 1999-2000 | KSATVM/GP5/1177/18, Dt.16.6.2018 | 1 | |
| 2008-09 | KSATVM/GP5/1177/18, Dt.16.6.2018 | 4 | |
| 2009-10 | KSATVM/GP5/1177/18, Dt.16.6.2018 | 2 | |
| 2012-13 | KSATVM/GP5/1177/18, Dt.16.6.2018 | 7 | |
| 2013-14 | KSATVM/GP5/1177/18, Dt.16.6.2018 | | |
| 2014-15 | KSATVM/GP5/1177/18, Dt.16.6.2018 | 11 | |
| 2015-16 | KSATVM/GP5/1177/18, Dt.09.12.2018 | 17 | |
| 2016-17 | KSATVM/GP5/2030/18, Dt.19.10.2017 | 2 | |
| 2017-18 | KSATVM/GP5/2007/18, Dt.. 05.2018 | 28 | |
| 2018-19 | KSATVM/GP5/1862/19, Dt.25.06.2020 | 34 | |
| 2018-19 | KSATVM/GP5/1862/19, Dt.25.06.2020 | 30 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
തിരുവനന്തപുരം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ ആര്യനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ആര്യനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്